TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
1-2



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 01, 02 JULY 2026

## Important Event

- നാഷണൽ ഡോക്ടർസ് ഡേ

  **ജൂലൈ 1**

  - ഈ വർഷത്തെ പ്രമേയം - **Behind the Mask: Who Heals the Healers?**
  - ഡോ. ബിദാൻ ചന്ദ്ര റോയിയുടെ ജനന-മരണ വാർഷികത്തെ അനുസ്മരിക്കാൻ എല്ലാ വർഷവും ജൂലൈ 1 ന് ഈ ദിനം ആചരിക്കുന്നു

## Appointments

- ഇന്ത്യയുടെ പുതിയ കരസേനാ മേധാവി

  **ജനറൽ ധീരജ് സേഥ്**

  - ജനറൽ ഉപേന്ദ്ര ദ്വിവേദി വിരമിച്ച ഒഴിവിലാണ് പുതിയ നിയമനം

- 2026 ജൂലൈയിൽ കേന്ദ്ര സർക്കാർ 6 മാസത്തേക്ക് കാലാവധി നീട്ടി നൽകിയ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് (സി.ബി.ഡി.ടി) ചെയർമാൻ

  **രവി അഗർവാൾ**

  - 2026 ഡിസംബർ വരെ അദ്ദേഹം പദവിയിൽ തുടരും

## National

- മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് പകരമായി വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ (VB. G. RAM G) പദ്ധതി നിലവിൽ വന്നത്

  **2026 ജൂലൈ 1**

  - തൊഴിൽ ദിനങ്ങൾ 125 ദിവസമാക്കിയതാണ് പ്രധാന മാറ്റം
  - വിബി ജി റാംജി പ്രകാരം ഉയർന്ന വേതനം - **450** (സിക്കിമിലെ Nathang, Lachen, and Lachung ഗ്രാമ പഞ്ചായത്തുകളിലാണ് ഈ നിരക്കിൽ വേതനം നൽകുന്നത്).
  - ഉയർന്ന വേതനം ലഭിക്കുന്ന സംസ്ഥാനം - **ഹരിയാന** (409)
  - കേരളത്തിലെ വേതനം - **401 രൂപ**

- 2026 ജൂലൈയിൽ ആന്ധ്രാപ്രദേശിൽ നിലവിൽ വരുന്ന പുതിയ ഗ്രീൻഫീൽഡ് എയർപോർട്ട്

  **അല്ലൂരി സീതാരാമാ രാജു ഇന്റർനാഷണൽ എയർപോർട്ട് ഭോഗപുരം**

- രാജ്യം മുഴുവൻ ആംബുലൻസ് സേവനങ്ങൾക്കായി നടപ്പിലാക്കുന്ന ഏകീകൃത നമ്പർ

  **112**

  - കേന്ദ്ര ആരോഗ്യ മന്ത്രാലയമാണ് ആംബുലൻസ് സേവനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി മാർഗരേഖ പുറത്തിറക്കിയത്

- ഭാര്യയുടെയും ഭർത്താവിന്റെയും സാമ്പത്തിക സ്ഥിതി പരിഗണിച്ചു വേണം വിവാഹ മോചന കേസുകളിൽ ജീവനാംശം അനുവദിക്കേണ്ടതെന്ന് വിധി പ്രസ്താവിച്ച ഹൈക്കോടതി

  **കർണാടക ഹൈക്കോടതി**

  - ജസ്റ്റിസ് സുമലതയാണ് സുപ്രധാനമായ ഈ വിധി പ്രസ്താവിച്ചത്

- അടുത്തിടെ സുശ്രുത മഹർഷിയുടെ വെങ്കല പ്രതിമ അനാച്ഛാദനം ചെയ്തത്

  **റോയൽ കോളേജ് ഓഫ് സർജൻസ് ഓഫ് എഡിൻബർഗ്**

  - തമിഴ്നാട്ടിൽ നിന്നുള്ള ശില്പിയായ രാഘവാനന്ദം സ്ഥാപതിയാണ് പ്രതിമ നിർമ്മിക്കാൻ നേതൃത്വം നൽകിയത്
  - സർജറിയുടെയും, പ്ലാസ്റ്റിക് സർജറിയുടെയും പിതാവ് എന്നറിയപ്പെടുന്നത് - **സുശ്രുത മഹർഷി**

## Science & Technology

- 2026 ജൂലൈയിൽ കേരളത്തിൽ നിന്ന് കണ്ടെത്തിയ പുതിയ നിശാശലഭം

  **ചന്ദനത്തോഴി**

  - മറയൂരിലെ ചന്ദന കാടുകളിൽ നിന്ന് കണ്ടെത്തിയതിനാലാണ് ഈ പേര് നൽകിയത്
  - Antaram Idukki എന്നാണ് ശാസ്ത്രീയ നാമം

## Sports

- ലോക ബുള്ളറ്റ് ചെസ്സ് ചാംപ്യൻഷിപ് കിരീടം സ്വന്തമാക്കിയ മലയാളി ഗ്രാൻഡ്മാസ്റ്റർ

  **നിഹാൽ സരിൻ**

  - ചെസ്സ് ഡോട്ട് കോം സംഘടിപ്പിക്കുന്ന സ്പീഡ് ചെസ്സ് ടൂർണമെന്റാണിത്
  - നിലവിലെ ചാമ്പ്യൻ അലിറേസ ഫിറൂസ്ജായെ തോൽപിച്ചാണ് കിരീട നേട്ടം
  - ഓരോ കളിക്കാരനും ഓരോ മിനിറ്റ് മാത്രമാണ് ഈ ടൂർണമെന്റിൽ ലഭിക്കുക
- 2026 ലെ യു.എസ്. ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെള്ളിമെഡൽ നേടിയ ഇന്ത്യൻ താരം

  **കിഡംബി ശ്രീകാന്ത്**
- 2026 ജൂലൈയിൽ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ജർമ്മൻ ഗോൾകീപ്പർ

  **മാനുവൽ ന്യൂയർ**

  - 128 മത്സരങ്ങളിൽ ദേശിയ ടീമിനായി കളിച്ചിട്ടുണ്ട്
  - 2014 ലോകകപ്പ് നേടിയ ജർമ്മൻ ടീമിന്റെ ഭാഗമായിരിന്നു
- ഏഷ്യൻ ഗെയിംസിനുള്ള ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനായി തിരഞ്ഞെടുക്കപ്പെട്ടത്

  **ഹർമൻപ്രീത് കൗർ**

  - സ്മൃതി മന്ഥാനയാണ് വൈസ് ക്യാപ്റ്റൻ
  - 2026 അവസാനം ജപ്പാനിലെ ഐച്ചി - നഗോയയിൽ വെച്ചാണ് ഏഷ്യൻ ഗെയിംസ് നടക്കുന്നത്
- 2026 പുരുഷ ഏഷ്യൻ വോളിബോൾ കോൺഫെഡറേഷൻ ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയത്

  **ഇന്ത്യ**

  - ലൂസേഴ്സ് ഫൈനലിൽ ബഹ്റൈനെ തോൽപിച്ചാണ് ചരിത്ര നേട്ടം

## Today's MCQ

1. മൂന്ന് നോവെല്ലകളുടെ സമാഹാരമായ 'സുഖം' എന്ന പുസ്തകത്തിന്റെ രചയിതാവ്

   (a) കെ.ആർ.മീര　(b) പി.വി.ഷാജികുമാർ

   (c) എം. മുകുന്ദൻ　(d) ബെന്ന്യാമിൻ

2. രാജ്യത്തു ആദ്യമായി അപൂർവ രോഗങ്ങളുടെ രജിസ്റ്റർ തയ്യാറാക്കുന്ന സംസ്ഥാനം

   (a) തമിഴ്നാട്　(b) കർണാടക

   (c) ഗോവ　(d) കേരളം

**Ans : 1. (b), 2. (d)**



TALENT PSC Academy a Yoanda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 03 JULY 2026

## Appointments

- 2026 ജൂലൈയിൽ വ്യോമസേനയുടെ ഉപമേധാവിയായി ചുമതലയേറ്റത്

  **അശുതോഷ് ദീക്ഷിത്**

  - എയർ മാർഷൽ നാഗേഷ് കപൂർ വിരമിച്ച ഒഴിവിലാണ് നിയമനം
  - 51-ാമത് ഉപമേധാവിയാണ്
- 2026 ജൂലൈയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിതനായത്

  **എൻ. ശേഷാദ്രിനാഥൻ**

  - എ. ഷാജഹാൻ വിരമിച്ച ഒഴിവിലേക്കാണ് നിയമനം
- ഇന്ത്യയുടെ വിദേശ കാര്യാ സെക്രട്ടറി

  **വിക്രം മിസ്രി**

  - ഇന്ത്യയുടെ 35-ാമത് വിദേശകാര്യ സെക്രട്ടറിയാണ്

## National

- സീഷെൽസ് ഔദ്യോഗിക സന്ദർശനത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ച പരമോന്നത ബഹുമതി

  **ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ**

  - സീഷെൽസിന്റെ പരമോന്നത പരിസ്ഥിതി പുരസ്കാരമാണിത്.
  - റിപ്പബ്ലിക് ഓഫ് സീഷെൽസിന്റെ ആറാമത് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയാണ് പ്രധാനമന്ത്രി മോദിക്ക് ഈ ബഹുമതി സമ്മാനിച്ചത്.
  - പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലഭിക്കുന്ന 34-ാമത് അന്താരാഷ്ട്ര ബഹുമതിയാണിത്
  - പരിസ്ഥിതി സംരക്ഷണത്തിനും, സുസ്ഥിര വികസനത്തിനും, സമുദ്ര വിഭവ മാനേജ്മെന്റിനുമായുള്ള പ്രവർത്തനങ്ങൾക്കാണ് ഈ ബഹുമതി ഏർപ്പെടുത്തിയിരിക്കുന്നത്.
- ഡ്രോൺ ആക്രമണങ്ങൾക്കായി ഇന്ത്യൻ ആർമി രൂപീകരിക്കുന്ന പ്രത്യേക യൂണിറ്റുകൾ

  **ബാസ് ബറ്റാലിയൻ**

  - ആർമി ഏവിയേഷൻ കോർപസിന് കീഴിലാവും ബാസ് ബറ്റാലിയനുകൾ പ്രവർത്തിക്കുക.
- 29-ാമത് നാഷണൽ കോൺഫെറൻസ് ഓൺ ഇ-ഗവേർണൺസിന്റെ (NCeG) വേദി

  **ജയ്പൂർ**
- പരീക്ഷ പൂർത്തിയായി അഞ്ചു മിനിട്ടിനുള്ളിൽ ഫലം പ്രഖ്യാപിച്ച സർവകലാശാല

  **വിശ്വേശ്വരയ്യ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

  - 5.30 ന് പൂർത്തിയായ പരീക്ഷയുടെ ഫലം 5.35 ന് പ്രഖ്യാപിച്ചാണ് റെക്കോർഡ് നേട്ടം
  - ബംഗളുരു ആസ്ഥാനമായാണ് സർവകലാശാല പ്രവർത്തിക്കുന്നത്

## Kerala

- പരമ്പരാഗത ആയോധനകലയായ കളരിപ്പയറ്റിന് കണ്ണൂർ സർവകലാശാലയിൽ കോഴ്സ് ആരംഭിക്കുന്നു.
  - ആറുമാസം, ഒരു വർഷ കോഴ്സുകളാവും ആരംഭിക്കുക

## Science and Technology

- രണ്ടാഴ്ചകൊണ്ട് 31 പുതിയ സ്പീഷീസുകളെ കണ്ടെത്താൻ സഹായിച്ച നൂതന സാങ്കേതികവിദ്യ

**ദി സ്റ്റവിഡ്**

- ബ്രസീലിയൻ തീരത്തോടടുത്ത സമുദ്രത്തിൽ നടന്ന ജീവശാസ്ത്ര പര്യവേക്ഷണത്തിൽ 31 പുതിയ സ്പീഷീസുകളെയാണ് രണ്ടാഴ്ചയ്ക്കിടെ കണ്ടെത്തിയിരിക്കുന്നത്
- യു.എസ്., ഓസ്ട്രേലിയ, ബ്രസീൽ, ജപ്പാൻ എന്നീ രാജ്യങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞരുടെ സംഘമാണ് പര്യവേക്ഷണത്തിൽ പങ്കെടുത്തത്.

- മുറിവുകൾ വേഗത്തിൽ ഭേദമാവുന്നതിനും അണുബാധ കുറക്കുന്നതിനുമായി സ്മാർട്ട് ബാൻഡേജ് അവതരിപ്പിച്ച സ്ഥാപനം

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി റൂർക്കല**

- പ്രൊഫസർ പ്രസൂൺ കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഇത് വികസിപ്പിച്ചത്
- കുർകുമിൻ അടങ്ങിയ ലെയറോടു കൂടിയാണ് ഇത് വികസിപ്പിച്ചത്

## Demise

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത നാടക സിനിമ സംവിധായക

**വിജയ മേത്ത**

- മുംബൈ ആസ്ഥാനമായി രംഗായൻ എന്ന നാടക സംഘം സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.
- മികച്ച സഹനടിയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയിട്ടുണ്ട്.

- 2026 ജൂണിൽ അന്തരിച്ച പ്രശസ്ത അമേരിക്കൻ ഗായകൻ

**വിക്ടർ വില്ലിസ്**

- ഡിസ്കോ ബാൻഡായ വില്ലേജ് പീപ്പിളിന്റെ സഹ സ്ഥാപകനും പ്രധാന ഗായകനുമായിരുന്നു

## Today's MCQ

1. രാജ്യം മുഴുവൻ ആംബുലൻസ് സേവനങ്ങൾക്കായി നടപ്പിലാക്കുന്ന ഏകീകൃത നമ്പർ

(a) 112 (b) 911

(c) 100 (d) 101

2. ഭാര്യയുടെയും ഭർത്താവിന്റെയും സാമ്പത്തിക സ്ഥിതി പരിഗണിച്ചു വേണം വിവാഹ മോചന കേസുകളിൽ ജീവനാംശം അനുവദിക്കേണ്ടതെന്ന് വിധി പ്രസ്താവിച്ച ഹൈക്കോടതി

(a) കേരള ഹൈക്കോടതി (b) മദ്രാസ് ഹൈക്കോടതി

(c) കർണാടക ഹൈക്കോടതി (d) ഡൽഹി ഹൈക്കോടതി

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
04



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 04 JULY 2026

## Book and Author

- ജൂലൈ 1: ഒരു അനാഥബാല്യത്തിന്റെ ആത്മഗതം എന്ന പുസ്തകം എഴുതിയത്

  **ബി. അബ്ദുൾ നാസർ ഐ.എ.എസ്**

  - പ്രതികൂല സാഹചര്യങ്ങളെയും ദാരിദ്ര്യത്തെയും അതിജീവിച്ച്, ഒരു ജില്ലാ കളക്ടർ പദവിയിലേക്ക് ഉയർന്ന അദ്ദേഹത്തിന്റെ അതിജീവനത്തിന്റെ കഥയാണ് ഈ പുസ്തകത്തിലുള്ളത്.

## Appointment

- 2026-ൽ വ്യോമസേനയുടെ ദക്ഷിണ വ്യോമ കമാൻഡിന്റെ എയർ ഓഫീസർ കമാൻഡിംഗ് ഇൻ ചീഫായി ചുമതലയേറ്റത്

  **എയർ മാർഷൽ ജസ്‌വീർ സിംഗ് മാൻ**

  - വെസ്റ്റേൺ എയർ കമാൻഡിലെ സീനിയർ എയർ സ്റ്റാഫ് ഓഫീസറായിരുന്നു അദ്ദേഹം

## Kerala

- മുങ്ങിമരണം ദുരന്തപട്ടികയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം
  - 2017-2022 കാലയളവിൽ സംസ്ഥാനത്തെ വെള്ളക്കെട്ടിലും പുഴയിലും കുളത്തിലുമായി 10,451 പേരുടെ ജീവനാണ് പൊലിഞ്ഞിട്ടുള്ളത്
  - ഉത്തർപ്രദേശ്, മേഘാലയ, ഒഡീഷ സംസ്ഥാനങ്ങൾ മുങ്ങിമരണങ്ങളെ സംസ്ഥാന ദുരന്തങ്ങളുടെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി നാല് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.
  - ഇവ ചൂണ്ടികാട്ടി 2025 ഒക്ടോബറിൽ രാജു വാഴക്കാല നൽകിയ ഹർജിയിൽ അനുകൂല ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ.
- കവാസാകി രോഗം പ്രധാനമായും ബാധിക്കുന്ന ശരീരത്തിലെ അവയവ വ്യവസ്ഥ

  **രക്തക്കുഴലുകൾ**

  - കുട്ടികളിൽ കൂടുതലായി കാണപ്പെടുന്ന രോഗമാണിത്
  - കവാസാക്കി രോഗം പ്രധാനമായും ശരീരത്തിലെ രക്തക്കുഴലുകളിൽ വീക്കം (Inflammation/ Vasculitis) ഉണ്ടാക്കുന്ന അവസ്ഥയാണ്, ഇത് പ്രത്യേകിച്ചും ഹൃദയത്തിലേക്കുള്ള കൊറോണറി ധമനികളെയാണ് കൂടുതലായി ബാധിക്കുന്നത്.

## National

- ഗ്രാമവികസന പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന പ്രകാരം രാജ്യത്തെ ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ വനിതാപങ്കാളിത്തം ഉള്ള സംസ്ഥാനം

  **കേരളം** (98.7 ശതമാനം)

  - മഹാരാഷ്ട്ര (97.7), ഒഡീഷ (97.5) എന്നീ സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ
  - രാജസ്ഥാൻ (57.3), ജമ്മുകശ്മീർ (48.7) എന്നിവിടങ്ങളിലാണ് ഏറ്റവും കുറവ്.
  - ഗ്രാമസഭകളിലെ സ്ത്രീപങ്കാളിത്തം, പട്ടികജാതിപട്ടിക വർഗ വിഭാഗങ്ങളുടെ സാന്നിധ്യം, വനിതാ സൗഹൃദ പഞ്ചായത്തുകൾ, വനിതാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ എണ്ണം തുടങ്ങിയ സൂചിക കളിലും കേരളം ഏറെ മുന്നിലാണ്.
  - രാജ്യത്തെ 213 ജില്ലകൾ, 400 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് നീതി ആയോഗ് പുറത്തിറക്കി.

- അമേരിക്കയുടെ 250-ാം സ്വാതന്ത്ര്യ വാർഷികത്തോടനുബന്ധിച്ച് ഹൈദരാബാദിലെ യു.എസ്. കോൺസുലേറ്റിന് സമീപമുള്ള റോഡിന് നൽകിയ പേര്

**ഡൊണാൾഡ് ട്രംപ് അവന്യൂ**

  - തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു ഫലകം അനാച്ഛാദനം ചെയ്തു.
  - ഇന്ത്യയിൽ ഒരു റോഡിന് പേര് നൽകപ്പെട്ട ആദ്യത്തെ യു.എസ് പ്രസിഡന്റാണ് ട്രംപ്.

- സത്കോസിയ കടുവാ സങ്കേതം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**ഒഡീഷ**

  - അടുത്തിടെ കടുവകളെ പുനരധിവസിപ്പിക്കാനുള്ള (Tiger Reintroduction) ഒഡീഷ സർക്കാരിന്റെ നിർദ്ദേശത്തിന് ദേശീയ കടുവ സംരക്ഷണ അതോറിറ്റി (എൻ.ടി.സി.എ.) അംഗീകാരം നൽകി.
  - 2018 - ൽ നിർത്തിവച്ച പദ്ധതി വീണ്ടും നടപ്പിലാക്കുന്നതിനാണ് അനുമതി ലഭിച്ചത്
  - 2018 - ൽ സത്കോസിയയിൽ ഒഡീഷയുടെ ആദ്യത്തെ കടുവ സ്ഥാനമാറ്റ പദ്ധതി പരാജയപ്പെട്ടതിനെത്തുടർന്ന്, സംസ്ഥാന വന്യജീവി വിഭാഗം വീണ്ടും എൻ.ടി.സി.എ.യെ സമീപിക്കുകയും 2023-24 ൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു.
  - തുടർന്ന് പദ്ധതി പുനരാരംഭിക്കുന്നതിനുള്ള സാധ്യതകൾ പുന പരിശോധിക്കാൻ എൻ.ടി.സി.എ. 2024 മെയ് മാസത്തിൽ അഞ്ചംഗ കേന്ദ്ര കമ്മിറ്റിയെ അയച്ചു.
  - കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, പാനലിന്റെ പ്രവർത്തന പോയിന്റുകളും ശുപാർശകളും സംസ്ഥാനം പാലിക്കുന്ന പക്ഷം, കടുവ സംരക്ഷണ സമിതി പുന സ്ഥാപന പദ്ധതിക്ക് സമ്മതിച്ചു.
  - കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാനം വകുപ്പ് മന്ത്രി - **ഭൂപേന്ദർ യാദവ്**

## Space

- ഭ്രമണപഥം നഷ്ടപ്പെട്ട് ഭൂമിയിലേക്ക് പതിക്കാൻ സാധ്യതയുള്ള നാസയുടെ ബഹിരാകാശ നിരീക്ഷണ കേന്ദ്രം

**നീൽ ഗെഹ്രെൽസ് സ്വിഫ്റ്റ് ഒബ്സർവേറ്ററി**

  - 2004 - ൽ വിക്ഷേപിക്കപ്പെട്ട ഒബ്സർവേറ്ററി
  - ഗാമാ റേ സ്ഫോടനങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അപൂർവ ബഹികാശ സംഭവങ്ങളെ കുറിച്ച് പഠിക്കുന്നതിനും വേണ്ടിയാണ് ഇത് രൂപകൽപന ചെയ്തത്.
  - നിരീക്ഷണ കേന്ദ്രത്തെ രക്ഷിക്കാനായി 'ലിങ്ക്' (Link) എന്ന റോബോട്ടിക് ബഹിരാകാശ വാഹനം ഉപയോഗിച്ചുള്ള രക്ഷാദൗത്യം തയ്യാറാകുന്നു.

## International

- അടുത്തിടെ റെഡ് ഹീറ്റ് അലർട്ട് പ്രഖ്യാപിച്ച രാജ്യം

**യു.കെ.**

  - ആരോഗ്യമുള്ള വ്യക്തികളിൽ പോലും ജീവന് ഗണ്യമായ അപകടസാധ്യത സൃഷ്ടിക്കുന്ന കഠിനവും നീണ്ടുനിൽക്കുന്നതുമായ അമിത ചൂട് അനുഭവപ്പെടുമ്പോഴാണ് റെഡ് ഹീറ്റ് അലർട്ട് പ്രഖ്യാപിക്കുന്നത്

## Science and Technology

◆ പൂർണമായും ലാബിൽ നിർമിച്ചെടുത്ത, ജീവന്റെ ഒരു കൃത്രിമ രൂപം

**സ്പഡ്സെൽ**

- ഒരു കോശത്തിന്റെ മുഴുവൻ ജീവിതചക്രവും അനുകരിക്കുന്ന സിന്തറ്റിക് കോശം വികസിപ്പിച്ചെടുത്തിരിക്കുകയാണ് അമേരിക്കയിലെ മിനസോട്ട സർവകലാശാലയിലെ വിദഗ്ധർ.
- പ്രകൃതിദത്ത കോശത്തെ പോലെ വളരാനും പുനരുൽപ്പാദിപ്പിക്കാനും കഴിയുന്ന കോശമാണിത്.

## Today's MCQ

1. 2026 ജൂലൈയിൽ വ്യോമസേനയുടെ ഉപമേധാവിയായി ചുമതലയേറ്റത്

   (a) അശുതോഷ് ദീക്ഷിത് (b) അരൂപ് റാഹ

   (c) രാകേഷ് കുമാർ (d) വി.ആർ. ചൗധരി

2. 2026 ജൂലൈയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിതനായത്

   (a) ഡോ.എ. കൗശിഗൻ (b) രത്തൻ. യു. ഖേൽക്കർ

   (c) എൻ. ശേഷാദ്രിനാഥൻ (d) സഞ്ജയ് കൗൾ

**Ans : 1. (a), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
05



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 05 JULY 2026

**Appointment**

- 2026-ൽ FATF (Financial Action Task Force) -ന്റെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്.

  **വിവേക് അഗർവാൾ**

  - ആദ്യമായി FATF വൈസ് പ്രസിഡന്റ് സ്ഥാനത്ത് ഇന്ത്യക്കാരൻ എത്തുന്നു.
  - FATF സ്ഥാപിതമായത് - **1989**
  - G7 രാജ്യങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ചു.
  - ആസ്ഥാനം - **പാരീസ്, ഫ്രാൻസ്**
  - കള്ളപ്പണം വെളുപ്പിക്കൽ (Money Laundering) തടയുക, ഭീകരവാദ ധനസഹായം (Terrorist Financing) തടയുക, വിനാശകാരിയായ ആയുധങ്ങളുടെ വ്യാപനത്തിന് (Proliferation Financing) ലഭിക്കുന്ന ധനസഹായം നിയന്ത്രിക്കുക തുടങ്ങിയവയാണ് FATF ന്റെ പ്രധാന ലക്ഷ്യങ്ങൾ

**Kerala**

- കേരള സർക്കാർ പൊലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വർഷങ്ങളായി കെട്ടിക്കിടക്കുന്ന ഉപേക്ഷിക്കപ്പെട്ടതും കേസുകളുമായി ബന്ധപ്പെട്ടതുമായ വാഹനങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനായി പ്രഖ്യാപിച്ച പദ്ധതി

  **SPACE**

  - SPACE - **Scrap Processing for Area Cleanup and Enhancement**
  - ടാഗ് ലൈൻ - **"Reclaim, Renew, Revive".**
  - കേരള പൊലീസ് ഹൗസിങ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KPHCC) - ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്
  - CERO എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

- PM RAHAT പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.
  - ഇതിന്റെ ഉദ്ഘാടനം കേരള ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിർവഹിച്ചു.
  - PM RAHAT : **Prime Minister – Road Accident Victims' Hospitalisation and Assured Treatment**
  - റോഡപകടങ്ങളിൽപ്പെടുന്ന ഏത് വ്യക്തിക്കും അപകടം നടന്ന ദിവസം മുതൽ പരമാവധി 7 ദിവസത്തേക്ക് 1.5 ലക്ഷം രൂപ വരെ പണരഹിത ചികിത്സ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണിത്

- സ്വിറ്റ്സർലാൻഡ് ആസ്ഥാനമായ MSC (Mediterranean Shipping Company)കേരളത്തിലെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ 49% ഓഹരി ഏറ്റെടുക്കാൻ തീരുമാനിച്ചു.
  - ഇടപാട് മൂല്യം ഏകദേശം - **13,220 കോടി**
  - MSC ആസ്ഥാനം - **ജനീവ, സ്വിറ്റ്സർലൻഡ്**
  - ലോകത്തിലെ ഏറ്റവും വലിയ container shipping കമ്പനികളിൽ ഒന്നാണ് MSC.
  - 1970- ൽ സ്ഥാപിതമായി.

## National

- ഇന്ത്യയിലെ ആദ്യ 8 ലെയിൻ എക്സ്പ്രസ്‌വേ തുരങ്കം കടന്നു പോകുന്ന കടുവ സങ്കേതം

  **മുകുന്ദ്ര ഹിൽസ് ടൈഗർ റിസർവ്** (രാജസ്ഥാൻ)

  - ചമ്പൽ നദീതട മേഖലയോട് ചേർന്ന പ്രദേശമാണിത്
  - ഡൽഹി - മുംബൈ എക്സ്പ്രസ്‌വേയുടെ ഭാഗമാണ് ഈ തുരങ്കം
  - തുരങ്കത്തിന്റെ ഏകദേശ ദൈർഘ്യം - **4.9 കിലോമീറ്റർ**
  - പദ്ധതി നടപ്പാക്കിയത് - **നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ** (NHAI)

- VB-GRAM G യുടെ ഔദ്യോഗിക ഉദ്ഘാടനം നടന്നത്:

  **മുക്കവരിപ്പള്ളി ഗ്രാമം, തിരുപ്പതി ജില്ല** (ആന്ധ്രാപ്രദേശ്)

  - VB-GRAM G - **Viksit Bharat - Guarantee for Rozgar and Ajeevika Mission (Gramin)**

- ജൈവവൈവിധ്യ പൈതൃക സ്ഥലമായി പ്രഖ്യാപിച്ച ബോർജുലി തണ്ണീർത്തടം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **അസം**

  - ഒറൈസ റൂഫിപോഗൺ എന്ന കാട്ടു നെല്ലിനം കാണപ്പെടുന്ന പ്രദേശമാണിത്

## International

- 2026 - ൽ രംഗോലി ഡിസൈനിലുള്ള ദീപാവലി തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്ന രാജ്യം

  **അമേരിക്ക**

  - 2025 ഡിസംബറിൽ ദീപാവലി യുനെസ്കോയുടെ ഇന്റാൻജിബിൾ കൾച്ചറൽ ഹെറിറ്റേജ് ഓഫ് ഹ്യുമാനിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടു.

- 2026 ജൂലൈ 4ന് അമേരിക്കയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ 250-ാം വാർഷികം ആഘോഷിക്കുന്നു.

  - അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനരേഖ തയ്യാറാക്കിയത്

    **തോമസ് ജെഫേഴ്സൻ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

## Space

- ISRO വികസിപ്പിക്കുന്ന റേഡിയോ ഐസോടോപ്പ് ഹീറ്റർ യൂണിറ്റിൽ ഉപയോഗിക്കുന്ന റേഡിയോ ആക്റ്റീവ് മൂലകം

  **പ്ലൂട്ടോണിയം 238**

  - ISRO യുടെ വരാനിരിക്കുന്ന ചാന്ദ്ര ദൗത്യങ്ങളിൽ ലാൻഡറിന്റെ കാലാവധി 200 ദിവസം വരെ നീട്ടുന്നതിനായി വികസിപ്പിക്കുന്ന സംവിധാനമാണ് റേഡിയോ ഐസോടോപ്പ് ഹീറ്റർ യൂണിറ്റ്
  - **പ്ലൂട്ടോണിയം 238** - ബഹിരാകാശ ദൗത്യങ്ങളിൽ വൈദ്യുതിയും താപവും നൽകുന്ന റേഡിയോ ഐസോടോപ്പ് തെർമോഇലക്ട്രിക് ജനറേറ്ററുകളിൽ താപസ്രോതസ്സായി ഉപയോഗിക്കുന്നു.
  - **പ്ലൂട്ടോണിയം 239** - ന്യൂക്ലിയർ ആയുധങ്ങൾ (ആറ്റം ബോംബ്) നിർമ്മിക്കുന്നതിനും ന്യൂക്ലിയർ റിയാക്ടറുകളിൽ ഇന്ധനമായും ഉപയോഗിക്കുന്നു.

- ഇന്ത്യയുടെ ആദ്യ സ്വകാര്യ ഓർബിറ്റൽ റോക്കറ്റ്

**വിക്രം 1**

  - ഇന്ത്യയുടെ ആദ്യ സ്വകാര്യമായി വികസിപ്പിച്ച ഓർബിറ്റൽ റോക്കറ്റായ വിക്രം1 വിക്ഷേപണത്തിന് തയ്യാറായി.
  - ചെറിയ ഉപഗ്രഹങ്ങളെ ലോ എർത്ത് ഓർബിറ്റിൽ (LEO) എത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്നു.
  - ഏകദേശം 350 കിലോഗ്രാം വരെ പേലോഡ് ലോ എർത്ത് ഓർബിറ്റിലേക്ക് വഹിക്കാൻ കഴിയും.
  - ലക്ഷ്യമിടുന്ന ഭ്രമണപഥം - **450 കിലോമീറ്റർ ഉയരം**
  - ഇത് വികസിപ്പിച്ചിരിക്കുന്നത് സ്കൈറൂട്ട് എയറോസ്പേസ് (Skyroot Aerospace) എന്ന ഹൈദരാബാദ് ആസ്ഥാനമായുള്ള സ്വകാര്യ ബഹിരാകാശ കമ്പനിയാണ്.
  - വിക്ഷേപണ ദൗത്യത്തിന്റെ പേര് - **Mission Aagaman**
  - വിക്ഷേപണ കേന്ദ്രം - സതീഷ് ധവാൻ സ്പേസ് സെന്റർ (SDSC), ശ്രീഹരിക്കോട്ട, ആന്ധ്രാപ്രദേശ്.
  - സ്കൈറൂട്ട് എയറോസ്പേസ് 2022ൽ വിക്രം S എന്ന ഇന്ത്യയുടെ ആദ്യ സ്വകാര്യ Suborbital Rocket വിജയകരമായി വിക്ഷേപിച്ചിരുന്നു.
  - ഭൂമിയെ ചുറ്റുന്ന ഭ്രമണപഥത്തിൽ ഉപഗ്രഹത്തെ സ്ഥാപിക്കാൻ കഴിയുന്ന റോക്കറ്റാണ് Orbital Rocket.
  - Suborbital Rocket ബഹിരാകാശത്തിന്റെ അതിർത്തി വരെ എത്തുമെങ്കിലും ഭൂമിയുടെ ഭ്രമണപഥത്തിൽ പ്രവേശിക്കില്ല.

## Sports

- 2026 ICC Women's T20 World Cup ഫൈനലിൽ ഏറ്റുമുട്ടുന്നത്

**ഇംഗ്ലണ്ട് VS ഓസ്ട്രേലിയ**

  - ആതിഥേയ രാജ്യം - **ഇംഗ്ലണ്ട് & വെയിൽസ്**
  - ഫൈനൽ നടക്കുന്ന വേദി - **ലോർഡ്സ്**

## Today's MCQ

1. 2026 - ൽ വ്യോമസേനയുടെ ദക്ഷിണ വ്യോമ കമാൻഡിന്റെ എയർ ഓഫീസർ കമാൻഡിംഗ് ഇൻ ചീഫായി ചുമതലയേറ്റത്

   (a) ജസ്‌വീർ സിംഗ് മാൻ　　(b) അമർ പ്രീത് സിംഗ്

   (c) ധീരജ് സോത്ത്　　(d) സന്ദീപ് ജെയിൽ

2. ഗ്രാമവികസന പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന പ്രകാരം രാജ്യത്തെ ഗ്രാമ സഭകളിൽ ഏറ്റവും കൂടുതൽ വനിതാ പങ്കാളിത്തം ഉള്ള സംസ്ഥാനം

   (a) മഹാരാഷ്ട്ര　　(b) കേരളം

   (c) ഒഡീഷ　　(d) രാജസ്ഥാൻ

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
06-07




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 06, 07 JULY 2026

## Appointment

- സുപ്രീംകോടതി ലീഗൽ സർവീസസ് കമ്മിറ്റിയുടെ (SCLSC) പുതിയ ചെയർപേഴ്സണായി നിയമിതയായത്

  **ജസ്റ്റിസ് ബി.വി. നാഗരത്ന**

- 2026-ൽ പെറുവിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **കെയ്കോ ഫുജിമോറി**

  - രാഷ്ട്രീയ പാർട്ടി - **Popular Force**
  - മുൻ പെറു പ്രസിഡന്റ് അൽബെർട്ടോ ഫുജിമോറിയുടെ മകളാണ്.
  - മുമ്പ് മൂന്ന് തവണ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടിരുന്നു.

## National

- ജി.ഡി. നായിഡുവിന്റെ ജീവിതത്തെ ആസ്പദമാക്കി പുറത്തിറങ്ങുന്ന ചിത്രം

  **GDN**

  - ചിത്രത്തിൽ ആർ. മാധവൻ ജി.ഡി. നായിഡുവായി അഭിനയിക്കുന്നു.
  - ചിത്രം സംവിധാനം ചെയ്തത് കൃഷ്ണകുമാർ രാമകുമാർ ആണ്.
  - ജി.ഡി. നായിഡുവിന്റെ പൂർണ്ണനാമം - **ഗോപാലസ്വാമി ദൊരൈസ്വാമി നായിഡു**
  - ഇന്ത്യയുടെ എഡിസൺ എന്നറിയപ്പെടുന്നു
  - ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് മോട്ടോർ നിർമ്മിച്ചത് ഇദ്ദേഹമാണ്
  - നമ്പി നാരായണന്റെ ജീവിതം ആസ്പദമാക്കി പുറത്തിറങ്ങിയ റോക്കെട്രി ദി നമ്പി ഇഫക്ട് എന്ന ചിത്രത്തിൽ നമ്പി നാരായണന്റെ വേഷം അഭിനയിച്ചതും ചിത്രം സംവിധാനം ചെയ്തതും മാധവനാണ്

- ഇന്ത്യയിൽ ആദ്യമായി വാണിജ്യാടിസ്ഥാനത്തിൽ Matcha Tea ഉൽപ്പാദിപ്പിച്ച സംസ്ഥാനം

  **അസം**

- ഇന്ത്യയിലെ ആദ്യത്തെ വാണിജ്യാടിസ്ഥാനത്തിലുള്ള സെമികണ്ടക്ടർ അസംബ്ലി ആൻഡ് ടെസ്റ്റിംഗ് കേന്ദ്രം ഉദ്ഘാടനം ചെയ്യപ്പെട്ടത്

  **സാനന്ദ്, ഗുജറാത്ത്**

  - പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു

- അടുത്തിടെ ദുർഗ സ്ക്വാഡ് ആരംഭിച്ച സംസ്ഥാനം

  **പശ്ചിമ ബംഗാൾ**

  - സ്ത്രീകളുടെ സുരക്ഷയും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായാണ് ഇത് ആരംഭിച്ചത്
  - പശ്ചിമ ബംഗാൾ മുഖ്യമന്ത്രി - **സുവേന്ദു അധികാരി**

## International

- 2026-ൽ പുറത്തുവിട്ട സുസ്ഥിര വികസന സൂചികയിൽ ഒന്നാമതുള്ളത്

  ഫിൻലാൻഡ്

  - രണ്ടാം സ്ഥാനം - **സ്വീഡൻ**
  - മൂന്നാം സ്ഥാനം - **ഡെന്മാർക്ക്**
  - ഇന്ത്യയുടെ സ്ഥാനം - **94** (കഴിഞ്ഞ തവണ 99 ആയിരുന്നു)
  - ഏറ്റവും അവസാന സ്ഥാനത്ത് - **ദക്ഷിണ സുഡാൻ**

## Defence

- ശത്രുക്കളുടെ ശ്രദ്ധയിൽപ്പെടാതെ സഞ്ചരിക്കാൻ നാവികസേനാ കപ്പലുകളെ സഹായിക്കുന്ന യൂണിക്കോൺ (UNICORN - Unified Complex Radio Antenna) റഡാർ സംവിധാനം നിർമ്മിക്കുന്നതിൽ ഇന്ത്യയുമായി സഹകരിക്കുന്ന രാജ്യം

  **ജപ്പാൻ**

  - 2026 ജൂലൈയിൽ ജപ്പാൻ പ്രധാനമന്ത്രി സനേ തകായിച്ചി ഇന്ത്യ സന്ദർശിച്ചപ്പോൾ ഇതിനെ കുറിച്ച ധാരണയായി
  - ഇതിനു പുറമെ സെമികണ്ടക്ടറുകൾ, നിർമ്മിത ബുദ്ധി (AI), ഹരിതോർജ്ജം തുടങ്ങിയ മേഖല കളിലായി ഒരു ലക്ഷം കോടി രൂപയുടെ വൻ നിക്ഷേപം ഈ സന്ദർശനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചു
  - ജപ്പാന്റെ ആദ്യ വനിതാ പ്രധാന മന്ത്രിയാണ് സനേ തകായിച്ചി

## Sports

- **2026 ICC വനിതാ T-20 ലോകകപ്പ് (10th)**
  - ജേതാക്കൾ - **ഓസ്ട്രേലിയ** (ക്യാപ്റ്റൻ - **സോഫി മോളിനക്സ്**) (ഓസ്ട്രേലിയയുടെ 7-ാമത് കിരീടം)
  - റണ്ണേഴ്സ് അപ്പ് - **ഇംഗ്ലണ്ട്** (ക്യാപ്റ്റൻ - **നാറ്റ് സ്കൈവർബ്രണ്ട്**)
  - ഫൈനൽ വേദി - **ലോർഡ്സ്, ലണ്ടൻ**
  - ICC വനിതാ ലോകകപ്പ് ഫൈനലിൽ അംപയറാകുന്ന ആദ്യ ഇന്ത്യൻ വനിത

    **വൃന്ദ ഘൻശ്യാം റാത്തി**
  - ആതിഥേയ രാജ്യം - **ഇംഗ്ലണ്ട്, വെയിൽസ്**
  - ടീമുകൾ - **12**
  - ആദ്യമായി 12 ടീമുകൾ പങ്കെടുത്ത വനിതാ T20 ലോകകപ്പ്.
  - നെതർലാൻഡ്സ് ആദ്യമായി വനിതാ T20 ലോകകപ്പിന് യോഗ്യത നേടി.
  - ആകെ മത്സരങ്ങൾ - 33
  - ഫൈനലിലെ താരം - **ബെത്ത് മൂണി** ( ഓസ്ട്രേലിയ)
  - ടൂർണമെന്റിലെ താരം - **ബെത്ത് മൂണി** ( ഓസ്ട്രേലിയ)

- ❖ കൂടുതൽ റൺസ് - **ഡാനി വ്യാട്ട് ഹോഡ്ജ്** (ഇംഗ്ലണ്ട്)
- ❖ കൂടുതൽ വിക്കറ്റ് - **ശ്രീചരണി** (ഇന്ത്യ)
- ❖ 2026 വനിതാ T20 ലോകകപ്പിൽ ഇന്ത്യൻ ടീമിനെ നയിച്ചത് - **ഹർമൻ പ്രീത് കൗർ**
- ❖ 2026 ലോകകപ്പിനിടയിൽ അന്താരാഷ്ട്ര വനിതാ T20 ക്രിക്കറ്റിൽ 200 മത്സരം കളിക്കുന്ന ആദ്യ താരമായി ഹർമൻപ്രീത് കൗർ മാറി
- ❖ ഇതേ ലോകകപ്പിൽ അന്താരാഷ്ട്ര വനിത ക്രിക്കറ്റിൽ (T20,ഏകദിനം ,ടെസ്റ്റ് എല്ലാം ചേർത്ത്) ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരം എന്ന റെക്കോർഡ് ദീപ്തി ശർമ്മ സ്വന്തമാക്കി

◆ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ താരം

**വൈഭവ് സൂര്യവംശി**

- ❖ 15 വയസ്സും 99 ദിവസവും പ്രായമുള്ളപ്പോഴാണ് വൈഭവ് ഈ നേട്ടം കൈവരിച്ചത്.
- ❖ 1989-ൽ 16 വയസ്സും 205 ദിവസവും പ്രായമുള്ളപ്പോൾ അരങ്ങേറ്റം കുറിച്ച സച്ചിൻ തെണ്ടുൽക്കറുടെ റെക്കോർഡാണ് വൈഭവ് മറികടന്നത്.
- ❖ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിക്കുന്ന പ്രായം കുറഞ്ഞ ലോകത്തിലെ രണ്ടാമത്തെ താരമാണ് വൈഭവ്. (ഒന്നാം സ്ഥാനത്തുള്ള താരം പാകിസ്താന്റെ ഹസൻ റാസ)

◆ 2026 ബ്രിട്ടീഷ് ഗ്രാൻഡ്പ്രിക്സ് കിരീടം നേടിയത്

**ചാൾസ് ലെക്ലർക്ക്**

## Demise

◆ 2026 ജൂലൈയിൽ അന്തരിച്ച പാണ്ഡവാനി കലാകാരി

**തീജൻ ഭായി**

- ❖ മഹാഭാരതത്തിലെ കഥകൾ സംഗീതവും ആഖ്യാനവും അഭിനയവും ചേർത്ത് അവതരിപ്പിക്കുന്ന ഒരു ജനകീയ കലാരൂപമാണ് പാണ്ഡവാനി.
- ❖ പ്രധാനമായും ഛത്തീസ്ഗഢുമായി ബന്ധപ്പെട്ട കലാരൂപം.
- ❖ 'പാണ്ഡവാനി' എന്ന പേരിന്റെ അർഥം പാണ്ഡവരുടെ കഥകൾ എന്നാണ്.
- ❖ സംഗീത നാടക അക്കാദമി പുരസ്കാരം - **1995**, പദ്മശ്രീ - **1988**, പദ്മഭൂഷൺ - **2003**, പദ്മവിഭൂഷൺ - **2019** എന്നിവ തീജൻ ഭായിക്ക് ലഭിച്ചിട്ടുണ്ട്.

## Today's MCQ

1. 2026-ൽ FATF (Financial Action Task Force) - ന്റെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ആരാണ്?

   a) അജയ് ഭല്ല　　b) വിവേക് അഗർവാൾ

   c) ടി.വി. സോമനാഥൻ　　d) രാജീവ് കുമാർ

2. കേരള സർക്കാർ പൊലീസ് സ്റ്റേഷനുകളിലെ ഉപേക്ഷിക്കപ്പെട്ട വാഹനങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനായി ആരംഭിച്ച പദ്ധതിയുടെ പേര് എന്താണ്?

   a) CLEAN　　b) SPACE

   c) SMART　　d) SAFE

   **Ans : 1. (b), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
08-09



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 08, 09 JULY 2026

## Appointment

- 2026 ജൂലൈയിൽ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറായി നിയമിതനായത്

  **ഡോ. എ. പി. അഹമ്മദുൽ കബീർ**

## Kerala

- ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി - ഇരട്ട - തുരങ്കപ്പാത നിർമ്മാണം നടക്കുന്ന പ്രദേശത്ത് അടുത്തിടെ മണ്ണിടിച്ചിൽ ഉണ്ടായി.
  - മേപ്പാടിക്ക് സമീപമുള്ള കള്ളാടി മീനാക്ഷി പാലത്തിനടുത്ത്, ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി - ഇരട്ട തുരങ്കപ്പാത നിർമ്മാണം നടക്കുന്ന പ്രദേശത്താണ് ദുരന്തം
  - അതിശക്തമായ മഴയെത്തുടർന്ന് തുരങ്ക നിർമ്മാണത്തിനായി ഖനനം ചെയ്ത് കൂട്ടിയിട്ടിരുന്ന മണ്ണും അവശിഷ്ടങ്ങളും ഇടിഞ്ഞു വീഴുകയായിരുന്നു.
  - 2024 ജൂലൈയിലാണ് മുണ്ടക്കൈ - ചൂരൽമല ഉരുൾപ്പൊട്ടൽ ഉണ്ടായത്

## National

- ലോകബാങ്കിന്റെ പ്രതിശീർഷ ദേശീയ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ഇടത്തരം വരുമാന വിഭാഗത്തിന്റെ പരിധി കടന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ

  **ഡൽഹി ($6217), കർണാടക ($5579), തെലങ്കാന ($5407),**
  **തമിഴ്നാട് ($5,329 ), ഗുജറാത്ത് ($4,734)**
  - 26 ഡോളറിന്റെ വ്യത്യാസത്തിൽ കേരളവും (4,610 ഡോളർ) പട്ടികയ്ക്കു തൊട്ടടുത്തെത്തി.
  - രാജ്യങ്ങളുടെ പട്ടികയിൽ താഴ്ന്ന മധ്യവർഗ വിഭാഗത്തിലാണ് രാജ്യമിപ്പോഴും. 2007 മുതൽ ഇന്ത്യ ഈ വിഭാഗത്തിലാണുള്ളത്.
- പ്രതിരോധ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി അടുത്തിടെ ഇന്ത്യയുമായി കരാർ ഒപ്പുവെച്ച രാജ്യം

  **ഇന്തോനേഷ്യ**
  - ബ്രഹ്മോസ്, അസ്ത്ര മിസൈലുകൾ ഇന്ത്യയിൽ നിന്ന് വാങ്ങാൻ ഒരുങ്ങുന്നു
- 2008 ലെ അഹമ്മദാബാദ് സ്ഫോടനക്കേസിൽ 38 പ്രതികളുടെ വധശിക്ഷ ഗുജറാത്ത് ഹൈക്കോടതി ശരിവച്ചു.
  - ഇന്ത്യൻ നിയമ ചരിത്രത്തിൽ അപൂർവ്വമായാണ് ഒരൊറ്റ കേസിൽ ഇത്രയധികം പ്രതികൾക്ക് കോടതി വധശിക്ഷ വിധിക്കുന്നത്.
  - സ്ഫോടനത്തിൽ ഇരയായവർക്ക് നഷ്ടപരിഹാരം നൽകാനും സംസ്ഥാന സർക്കാരിനോട് കോടതി ഉത്തരവിട്ടു.

## International

- ഭൂമിയിലെ ഏറ്റവും പഴക്കമേറിയ ഉൽക്കാ ഗർത്തം

  **നോർത്ത് പോൾ ഡോം** (പിൽബാറ, ഓസ്ട്രേലിയ)
  - ഓസ്ട്രേലിയയിലെ പിൽബാറ മേഖലയിലുള്ള ഏകദേശം 302 കോടി വർഷം പഴക്കമുള്ള നോർത്ത് പോൾ ഡോമാണ് ഭൂമിയിലെ ഏറ്റവും പഴയ ഉൽക്കാ ഗർത്തമായി ശാസ്ത്രജ്ഞർ കണ്ടെത്തിയത്.
  - ആർക്കിയൻ യുഗത്തിൽനിന്നുള്ള ഏക ഗർത്തമാണിത്.

- 2026 - ൽ ഗ്ലോബൽ സിറ്റിസൺ സൊല്യൂഷൻസ് പുറത്തിറക്കിയ ആഗോള പാസ്പോർട്ട് സൂചികയിൽ ഒന്നാമതുള്ള രാജ്യം

**സ്വീഡൻ**

  - രണ്ടാമത് - **സ്വിറ്റ്സർലൻഡ്**
  - മൂന്നാമത് - **ഫിൻലാൻഡ്**
  - ഇന്ത്യ 125- ാം സ്ഥാനത്താണ്
  - മൊബിലിറ്റി, നിക്ഷേപം, ജീവിത നിലവാരം എന്നിവയെ അടിസ്ഥാനമാക്കി 197 രാജ്യങ്ങളെ വിലയിരുത്തിയത്

## Space

- ടെക്നോളജി ഡെമോൺസ്ട്രേഷൻ സാറ്റലൈറ്റ് (ടി.ഡി.എസ്.01) ഈ വർഷം അവസാനത്തോടെ വിക്ഷേപിക്കും
  - ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കാനും ചലിപ്പിക്കാനും ഐ.എസ്.ആർ.ഒ. തദ്ദേശീയമായി നിർമ്മിച്ച ഇലക്ട്രിക് ത്രസ്റ്ററുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് വിക്ഷേപണം
  - സൗരോർജത്തിൽ പ്രവർത്തിക്കുന്ന 300 എം.എൻ. ശേഷിയുള്ള ഇലക്ട്രിക് പ്രൊപ്പൽഷൻ ത്രസ്റ്റർ ഉപയോഗിക്കുന്നതിലൂടെ ഭാരമേറിയ കെമിക്കൽ ഇന്ധനം ആവശ്യമല്ലാതാകും.

## Defence

- 2026 ജൂലൈയിൽ ഇന്ത്യ കമ്മീഷൻ ചെയ്യുന്ന പുതിയ സ്റ്റെൽത്ത് ഫ്രിഗേറ്റ്

**ഐ.എൻ.എസ്. മഹേന്ദ്രഗിരി**

  - പ്രോജക്ട് 17എ പദ്ധതിയുടെ ഭാഗമായി നിർമിച്ച ആറാമത്തെ തദ്ദേശീയ സ്റ്റെൽത്ത് ഫ്രിഗേറ്റായ ഐ.എൻ.എസ്. മഹേന്ദ്രഗിരി (എഫ് 38) ജൂലൈയിൽ വിശാഖപട്ടണത്ത് ഇന്ത്യൻ നാവികസേന യിൽ കമ്മിഷൻ ചെയ്യും.

## Demise

- 2026 ജൂലൈയിൽ അന്തരിച്ച ഇന്ത്യൻ സാമൂഹിക പ്രവർത്തകൻ

**ഗിരീഷ് ഭരദ്വാജ്**

  - ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഗ്രാമീണ ഗതാഗതത്തിനായി അദ്ദേഹം 140ലധികം തൂക്കുപാലങ്ങൾ നിർമ്മിച്ചു.
  - കേരളം, കർണാടക, തെലുങ്കാന, ഒഡിഷ എന്നീ സംസ്ഥാനങ്ങളിലായി 127 ലധികം തൂക്കുപാലം നിർമിച്ചിട്ടുണ്ട്
  - കേരളത്തിൽ മുപ്പതോളം തൂക്കുപാലം നിർമിച്ചിട്ടുണ്ട്.
  - Bridge Man of India എന്നറിയപ്പെടുന്നു.
  - 2017 - ൽ പത്മശ്രീ പുരസ്കാരം ലഭിച്ചു

## Today's MCQ

1. സുപ്രീംകോടതി ലീഗൽ സർവീസസ് കമ്മിറ്റിയുടെ (SCLSC) പുതിയ ചെയർപേഴ്സണായി നിയമിതയായത് ആരാണ്?

   (a) ജസ്റ്റിസ് ഹിമ കോഹ്ലി (b) ജസ്റ്റിസ് ബി.വി. നാഗരത്ന

   (c) ജസ്റ്റിസ് ഇന്ദിര ബാനർജി (d) ജസ്റ്റിസ് ബേല എം. ത്രിവേദി

2. GDN എന്ന ചിത്രത്തിൽ ജി.ഡി. നായിഡുവായി അഭിനയിക്കുന്നത് ആര്?

   (a) സൂര്യ (b) ആർ. മാധവൻ

   (c) ധനുഷ് (d) വിക്രം

**Ans : 1. (b), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
10



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 10 JULY 2026

## Appointment

- 2026 ജൂലൈയിൽ ഐ.എം.എഫ്. സാമ്പത്തിക കൗൺസിലറായും ഗവേഷണ വകുപ്പ് മേധാവിയായും നിയമിതയായത്

  **Silvana Tenreyro**

  - IMF മാനേജിംഗ് ഡയറക്ടർ - **ക്രിസ്റ്റലിന ജോർജിയേവ**
  - ആസ്ഥാനം - **വാഷിംഗ്ടൺ ഡി.സി.**

## Award

- അടുത്തിടെ ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ബിന്റാങ് ആദിപൂർണ ഓഫ് ദി റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യ' ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി

  **നരേന്ദ്ര മോദി**

  - 2026 ജൂലൈയിൽ ജക്കാർത്ത സന്ദർശിച്ച വേളയിലാണ് ബഹുമതി നൽകി ആദരിച്ചത്.
  - അദ്ദേഹത്തിന് ലഭിക്കുന്ന 35-ാമത് അന്താരാഷ്ട്ര ബഹുമതിയാണിത്
  - ഏറ്റവും കൂടുതൽ അന്താരാഷ്ട്ര ബഹുമതികൾ നേടിയ ഇന്ത്യൻ പ്രധാനമന്ത്രിയാണ് അദ്ദേഹം.
  - പ്രധാനമന്ത്രി മോദി ഇന്തോനേഷ്യയിലെ 1000 വർഷം പഴക്കമുള്ള പ്രംബനൻ ക്ഷേത്രം സന്ദർശിച്ചു.

## Kerala

- കേരള ഓണം ബമ്പറിന്റെ ഒന്നാം സമ്മാനം 30 കോടി രൂപയായി ഉയർത്തി

  - ടിക്കറ്റ് വിലയിൽ മാറ്റമില്ല.
  - കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഓണം ബമ്പർ ലോട്ടറിയുടെ ഒന്നാം സമ്മാനം ₹25 കോടിയിൽ നിന്ന് ₹30 കോടിയായി ഉയർത്തി. സംസ്ഥാന സർക്കാർ മൂന്നാം സമ്മാനം ₹50 ലക്ഷത്തിൽ നിന്ന് ₹25 ലക്ഷമായി കുറച്ചു.

- അടുത്തിടെ ഗോത്രനൃത്തം സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ച സ്ഥാപനം

  **കിർത്താഡ്സ്** (KIRTADS)

  - **KIRTADS** - Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes
  - ആസ്ഥാനം - **ചേവായൂർ, കോഴിക്കോട്**
  - സ്ഥാപിതമായ വർഷം - **1970**
  - കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി ഗവേഷണങ്ങളും പരിശീലനങ്ങളും പഠനങ്ങളും നടത്തുന്നതിനായി ആരംഭിച്ച സ്ഥാപനം.

- സംസ്ഥാനത്തെ ഏറ്റവും വലിയ ഗ്രീൻ ഡാറ്റാ സെന്റർ സ്ഥാപിതമാകുന്നത്

  **കൊച്ചി**

  - ഫെഡറൽ ബാങ്കാണ് ഗ്രീൻ ഡാറ്റാ സെന്റർ കൊച്ചിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചത്
  - ഒന്നരലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ 6 മെഗാവാട്ട് ശേഷിയുള്ള അത്യാധുനിക ഡാറ്റാ സെന്ററാണ് കൊച്ചിയിൽ നിർമ്മിക്കുന്നത്

## National

- E-20 ഇന്ധനം ഉപയോഗിക്കുന്നത് ടർബോ ചാർജ്ഡ് എൻജിനുകളെ ദോഷകരമായി ബാധിക്കുമെന്ന റിപ്പോർട്ട് പുറത്തുവിട്ടത്

  **ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ**

  - 20 ശതമാനം എഥനോൾ കലർന്ന പെട്രോളാണ് E-20
  - E 20 ഇന്ധനം ഉപയോഗിക്കുമ്പോൾ പഴയ വാഹനങ്ങളുടെ ഫ്യുവൽ സിസ്റ്റത്തിലുള്ള റബ്ബർ ഹോസുകൾ, സീലുകൾ, ഒ-റിംഗുകൾ, ഗാസ്കറ്റുകൾ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കുന്നു..
- 32 വർഷത്തെ അനിശ്ചിതത്വത്തിന് ശേഷം ബൈരക്കുപ്പ പാലം പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഒരുങ്ങുന്നു.
  - തറക്കല്ലിട്ട് 30 വർഷം പിന്നിട്ടിട്ടും യാഥാർഥ്യമാകാതിരുന്ന ഈ പാലത്തിന്, കേരള പൊതുമാരാമത്ത് വകുപ്പ് മന്ത്രി പി.കെ ബഷീറും കർണാടക മുഖ്യമന്ത്രി ഡി.കെ ശിവകുമാറും തമ്മിൽ നടത്തിയ ചർച്ചയിലൂടെയാണ് ജീവൻവെയ്ക്കുന്നത്.
  - കബനി നദിക്ക് കുറുകെയാണ് പാലം നിർമ്മിക്കുന്നത്.
  - 1994 സെപ്റ്റംബർ 22-നാണ് പാലത്തിനായുള്ള ശിലാഫലകം സ്ഥാപിച്ചത്.
  - വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ വന്നതോടെ പാലത്തിന്റെ നിർമാണം മുടങ്ങി
- 18 മീറ്റർ ഡ്രാഫ്റ്റ് ശേഷി കൈവരിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ മേജർ തുറമുഖം

  **കാമരാജർ തുറമുഖം** (തമിഴ്നാട്)

  - ആദ്യത്തേത് - **വിശാഖപട്ടണം**
  - ഈ വികസനം തുറമുഖത്തിന്റെ മത്സരശേഷി ശക്തിപ്പെടുത്തുകയും ഇന്ത്യയുടെ കയറ്റുമതി ഇറക്കുമതി വ്യാപാരത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകതകളെ പിന്തുണയ്ക്കുകയും ചെയ്യും

## Space

- ലോകത്തെ ആദ്യ ഒപ്റ്റോസാർ ഭൗമനിരീക്ഷണ ഉപഗ്രഹം

  **ദൃഷ്ടി**

  - ബംഗളൂരുവിലെ സ്വകാര്യ സ്റ്റാർട്ടപ്പായ ഗാലക്സ് ഐ വിക്ഷേപിച്ച ഒപ്റ്റോസാർ ഭൗമനിരീക്ഷണ ഉപഗ്രഹമായ 'ദൃഷ്ടി' ബഹിരാകാശത്ത് നഷ്ടമായി.
  - ഉപഗ്രഹവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടതായി ഗാലക്സ് ഐ അറിയിച്ചു.
  - 2026 മെയ് മൂന്നിനാണ് ദൃഷ്ടി വിക്ഷേപിച്ചത്.
  - വിക്ഷേപണവും തുടക്കത്തിലുള്ള ആശയവിനിമയവും വിജയകരമായിരുന്നെങ്കിലും പിന്നീട് സൂര്യനിൽ നിന്നുള്ള ശക്തമായ ഭൗമകാന്തിക സൗരക്കൊടുങ്കാറ്റ് ഉപഗ്രഹസംവിധാനത്തിന്റെ നിർണായക ഭാഗത്തിന് കേടുപാടുകൾ വരുത്തി.

## Today’s MCQ

1. 2026 ജൂലൈയിൽ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറായി നിയമിതനായത്

(a) N.S.K. ഉമേഷ് (b) സ്നേഹിൽ കുമാർ

(c) എ. പി. അഹമ്മദുൽ കബീർ (d) സുനിൽ ജോൺ

2. പ്രതിരോധ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനായി അടുത്തിടെ ഇന്ത്യയുമായി കരാർ ഒപ്പുവെച്ച രാജ്യം

(a) ഇന്തോനേഷ്യ (b) സ്ലോവാക്യ

(c) ഫ്രാൻസ് (d) ജർമ്മനി

**Ans : 1. (c), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
11




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 11 JULY 2026

## Appointment

- സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒ യുമായി നിയമിതനാകുന്നത്

  **മഹേഷ് മുരളീധർ പൈ**

  - മൂന്ന് വർഷത്തേക്കാണ് നിയമനം

## Award

- 2026 ജൂലൈയിൽ നൃത്ത്യരംഗം ആർട്സ് ആൻഡ് കൾച്ചറൽ ഹെറിറ്റേജ് ഓർഗനൈസേഷന്റെ നാച്ചോ പുരസ്കാരം ലഭിച്ചത്

  **ഡോ. പ്രമോദ് പയ്യന്നൂർ**

  - നാടക ചലച്ചിത്ര രംഗത്തെ സമഗ്ര സംഭാവനകൾക്കാണ് പുരസ്കാരം
  - 30000 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരം

- 2026 ജി.ദേവരാജൻ മാസ്റ്റർ പുരസ്കാരം ലഭിച്ചത്

  **സുജാത**

  - സമഗ്ര സംഭാവനക്കുള്ള പുരസ്കാരത്തിന് കവി ശ്രീകുമാരൻ തമ്പി അർഹനായി
  - ജി ദേവരാജൻ മാസ്റ്റർ സ്മാരക പരവൂർ സംഗീതസഭയാണ് പുരസ്കാരം ഏർപ്പെടുത്തിയത്
  - 25000 രൂപയും ശില്പി കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം

## Kerala

- 14-ാമത് ഗ്ലോബൽ ഡയബറ്റിസ് കൺവെൻഷന്റെ വേദി

  **കോവളം**

  - “Helping You Choose The Best in Care” എന്നതാണ് ത്രിദിന കൺവെൻഷന്റെ തീം

- 2026 ജൂലൈയിൽ പഴക്കമുള്ള ഗോപുരം തകർന്നു വീണ റെയിൽവേ സ്റ്റേഷൻ

  **കോഴിക്കോട്**

  - 100 വർഷത്തിലേറെ പഴക്കമുള്ള ഗോപുരമാണ് തകർന്നു വീണത്.

## National

- 2026 ജൂലൈയിൽ ചാന്ദിപുര വൈറസ് ബാധ മൂലമുള്ള മരണം സ്ഥിരീകരിച്ച സംസ്ഥാനം

  **ഗുജറാത്ത്**

  - രാജസ്ഥാനിൽ നിന്നുള്ള ആറു വയസുള്ള കുട്ടിയുടെ മരണമാണ് രോഗബാധ മൂലമാണെന്ന് സ്ഥിരീകരിച്ചത്.
  - 1965 മഹാരാഷ്ട്രയിലെ ചാന്ദിപുര ഗ്രാമത്തിലാണ് ആദ്യമായി രോഗം റിപ്പോർട്ട് ചെയ്തത്

- തമിഴ്നാട്ടിലെ അമ്പലങ്ങളിൽ നിന്ന് മോഷ്ടിക്കപ്പെട്ട മൂന്നു പൗരാണിക വിഗ്രഹങ്ങൾ ഇന്ത്യക്കു തിരികെ നൽകാൻ തീരുമാനിച്ച രാജ്യം

**ഓസ്ട്രേലിയ**

  - ഗ്രാനൈറ്റ് ശിലയിൽ തീർത്ത നന്ദിയുടെ വിഗ്രഹം, 11 നൂറ്റാണ്ടിലെ വെങ്കലത്തിൽ തീർത്ത കാളി വിഗ്രഹം, 12 നൂറ്റാണ്ടിലെ ബസാൾട്ട് ശിലയിൽ തീർത്ത ആറു തലയുള്ള സ്കന്ദ വിഗ്രഹം എന്നിവയാണ് തിരികെ നൽകുന്നത്.
  - ത്രിരാഷ്ട്ര പര്യടനത്തിന്റെ ഭാഗമായി ഓസ്ട്രേലിയയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം.
  - വിവിധ മേഖലകളിലെ സഹകരണം ലക്ഷ്യമിട്ടു 18 കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവെച്ചു

- സർക്കാർ ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കാൻ 'നലം എ.ഐ' എന്ന വാട്സ്ആപ്പ് ചാറ്റ്ബോട്ട് സർവീസിന് തുടക്കം കുറിച്ച സംസ്ഥാനം

**തമിഴ്നാട്**

  - മൊബൈൽ ഫോൺ വഴി ഒ.പി ബുക്കിംഗ്, രജിസ്ട്രേഷൻ തുടങ്ങിയ നടപടികൾ പൂർത്തിയാക്കാൻ ഈ സേവനം ഉപകരിക്കും
  - ആരോഗ്യ മന്ത്രി കെ .ജി അരുൺ രാജ് ആണ് സേവനം ഔദ്യോഗികമായി അവതരിപ്പിച്ചത്.

- സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വ്യക്തഗത ഒളിംപിക്സ് മെഡൽ ജേതാവായ കെ . ഡി ജാദവിന്റെ ജീവിതം പ്രമേയമായി നിർമിച്ച മറാത്തി ചലച്ചിത്രം

**ഖഷബ**

  - സംവിധാനം - **Nagaraj Manjule**
  - 1952 ഹെൽസിങ്കി ഒളിംപിക്സിൽ ഫ്രീസ്റ്റൈൽ ഗുസ്തിയിലായിരിന്നു കെ.ഡി ജാദവ് വെങ്കലം നേടിയത്

- മുൻ ഇന്ത്യൻ നായകൻ സൗരവ് ഗാംഗുലിയുടെ ജീവിതം പ്രമേയമായി നിർമിക്കുന്ന ചലച്ചിത്രം

**ദാദ**

  - സംവിധാനം - **വിക്രമാദിത്യ മൊട്വാനി**
  - മുൻ ദേശിയ അവാർഡ് ജേതാവ് രാജ്കുമാർ റാവുവാണ് ചിത്രത്തിൽ ഗാംഗുലിയുടെ വേഷം അവതരിപ്പിക്കുന്നത്

## International

- 2026 ജൂലൈയിൽ ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിനു വേദിയായത്

**കൊച്ചി**

  - കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് മന്ത്രി അന്നപൂർണ്ണ ദേവി ഉദ്ഘാടനം നിർവഹിച്ചു.

## Science and Technology

- പുതിയ എ.ഐ മോഡലുകളായ സോൾ, ടെറ, ലൂണ എന്നിവ പുറത്തിറക്കിയ കമ്പനി

**ഓപ്പൺ AI**

**Demise**

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത പോപ്പ് ഗായിക

**ബോണി ടൈലർ**

  - 1977 ൽ പുറത്തിറങ്ങിയ The World Starts Tonight ആണ് ആദ്യ ആൽബം
  - Total Eclipse of the Heart എന്ന ഗാനമാണ് കരിയറിലെ ഏറ്റവും വലിയ ഹിറ്റ്
  - സംഗീത രംഗത്തെ സംഭാവനകൾക്ക് ഓർഡർ ഓഫ് ദി ബ്രിട്ടീഷ് എമ്പയർ ബഹുമതി ലഭിച്ചു.

## Today's MCQ

1. 2026 ജൂലൈയിൽ ഐ.എം.എഫ്. സാമ്പത്തിക കൗൺസിലറായും ഗവേഷണ വകുപ്പ് മേധാവിയായും നിയമിതയായത്

   (a) Silvana Tenreyro (b) Kristalina Georgieva

   (c) Christine Lagarde (d) Gita Gopinath

2. അടുത്തിടെ ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ബിന്റാങ് ആദിപൂർണ ഓഫ് ദി റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യ' നൽകി ആദരിക്കപ്പെട്ടത്.

   (a) വിക്രം മിസ്രി (b) നരേന്ദ്ര മോദി

   (c) ദ്രൗപതി മുർമു (d) എസ്. ജയശങ്കർ

   **Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

JULY
12-14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Kerala

- നെഹ്റു ട്രോഫി വള്ളംകളിയുടെ സമ്മാനത്തുക പുതുക്കി
  - ഒന്നാം സമ്മാനം - ₹25 ലക്ഷം
  - രണ്ടാം സമ്മാനം - ₹20 ലക്ഷം
  - മൂന്നാം സമ്മാനം - ₹15 ലക്ഷം
  - നാലാം സമ്മാനം - ₹10 ലക്ഷം
  - 1952-ൽ ആരംഭിച്ചു (പുന്നമടക്കായലിലാണ് നടക്കുന്നത്).

## National

- ആഴ്ചയിൽ ഒരിക്കൽ മാത്രം നൽകുന്ന പുതിയ ഇൻസുലിൻ

**Awiqli**

  - 'നോവോ നോർഡിസ്ക്' എന്ന ഡെൻമാർക്ക് കമ്പനിയാണ് വികസിപ്പിച്ചത്
  - ഇന്ത്യയിൽ മരുന്ന് അവതരിപ്പിച്ചു.
- 2026 ജൂലൈയിൽ പുറത്തുവിട്ട പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് 2025 - 26 പ്രകാരം കേരളത്തിന്റെ ഗ്രേഡ്

**പ്രചേസ്ത 1** (കേരളം ഉൾപ്പെടെ 4 പേർ ഈ ഗ്രേഡിൽ ഉണ്ട്)

  - ഉത്കർഷ് മുതൽ ഉത്തം 2 വരെയുള്ള ഗ്രേഡുകളിൽ ആരും ഉൾപ്പെട്ടിട്ടില്ല
  - ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം - **ചണ്ഡിഗഡ്** (ഉത്തം 3)
  - ഏറ്റവും കൂടുതൽ സംസ്ഥാനങ്ങൾ കേന്ദ്ര ഭരണം പ്രദേശങ്ങൾ ഉൾപ്പെട്ട ഗ്രേഡ്

**പ്രചേസ്ത 3, ആകാൻഷി 1** (13 പേർ)

  - 2025-26 വർഷത്തെ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടാണിത്
  - പ്രധാന ഗ്രേഡുകളും സ്കോർ റേഞ്ചും

| | | |
|---|---|---|
| **ഉത്കർഷ്** | - | 941 - 1000 |
| **ഉത്തം 1** | - | 881 - 940 |
| **ഉത്തം 2** | - | 821 - 880 |
| **ഉത്തം 3** | - | 761 - 820 |
| **പ്രചേസ്ത 1** | - | 701 - 760 |
| **പ്രചേസ്ത 2** | - | 641 - 700 |
| **പ്രചേസ്ത 3** | - | 581 - 640 |
| **ആകാൻഷി 1** | - | 521 - 580 |
| **ആകാൻഷി 2** | - | 461 - 520 |
| **ആകാൻഷി 3** | - | 401 - 460 |

- മതത്തിന്റെ പേരിലാണെങ്കിലും ഒരു ജലാശയത്തെ മലിനമാക്കാൻ ആർക്കും അവകാശമില്ല എന്ന് അടുത്തിടെ വിധി പ്രസ്താവിച്ച കോടതി

**മദ്രാസ് ഹൈക്കോടതി**

  - തമിഴ്നാട്ടിലെ താമിരബരണി നദിയിൽ മരണാനന്തര ചടങ്ങുകളുടെ ഭാഗമായി വസ്ത്രങ്ങൾ, തൂവാലകൾ, ചെരിപ്പുകൾ, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപേക്ഷിക്കുന്നതിനെ തുടർന്നുണ്ടായ മലിനീകരണവുമായി ബന്ധപ്പെട്ട കേസിലാണ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ച് ഈ സുപ്രധാന നിരീക്ഷണം നടത്തിയത്.

## International

- ഉഷ്ണതരംഗത്തെ തുടർന്ന് മൂന്ന് ആണവ റിയാക്ടറുകൾ താൽക്കാലികമായി അടച്ച രാജ്യം

**ഫ്രാൻസ്**

## Space

- ബഹിരാകാശത്ത് എത്തുന്ന ആദ്യ മലയാളി വംശജനായ ബഹിരാകാശയാത്രികൻ

**ഡോ. അനിൽ മേനോൻ**

  - സോയൂസ് എംഎസ് - 29 എന്ന പേടകത്തിലാണ് യാത്ര ചെയ്യുന്നത്

## Sports

- വിംബിൾഡൺ 2026
  - പുരുഷ സിംഗിൾസ് - **Jannik Sinner** (ഇറ്റലി)
    (റണ്ണറപ്പ്: **Alexander Zverev** (ജർമ്മനി))
  - വനിതാ സിംഗിൾസ് - **Linda Noskova** (ചെക്ക് റിപ്പബ്ലിക്)
    (റണ്ണറപ്പ്: **Karolina Muchova** (ചെക്ക് റിപ്പബ്ലിക്)
  - പുരുഷ ഡബിൾസ് - **Henry Patten** (UK) & **Harri Heliovaara** (ഫിൻലാൻഡ്)
  - വനിതാ ഡബിൾസ് - **Guo Hanyu** (ചൈന) & **Kristina Mladenovic** (ഫ്രാൻസ്)
  - മിക്സ്ഡ് ഡബിൾസ് - **Jelena Ostapenko** (ലാത്വിയ) & **Marcelo Arevalo** (എൽ സാൽവഡോർ)
- ലോർഡ്സിൽ ടെസ്റ്റ് സെഞ്ചുറി നേടിയ ആദ്യ വനിതാ ക്രിക്കറ്റർ

**യസ്തിക ഭാട്ടിയ** (ഇന്ത്യ)

  - 2026 ജൂലൈയിൽ ലോർഡ്സിൽ നടന്ന ഇന്ത്യ vs ഇംഗ്ലണ്ട് ടെസ്റ്റ് മത്സരത്തിലായിരുന്നു സെഞ്ചുറി നേടിയത്
  - ലോർഡ്സിൽ നടന്ന ആദ്യ വനിതാ ടെസ്റ്റ് മത്സരം - **ഇന്ത്യ vs ഇംഗ്ലണ്ട്.**
  - ക്രിക്കറ്റിന്റെ മക്ക എന്നറിയപ്പെടുന്നത് ലോർഡ്സാണ്
  - 2025 ടെസ്റ്റ് ചാംപ്യൻഷിപ്പ് ഫൈനൽ, 2026 വനിതാ T-20 ലോകകപ്പ് ഫൈനൽ എന്നിവ ലോർഡ്സിലായിരുന്നു
- 2026 - 27 ബിഗ് ബാഷ് ലീഗിന്റെ ഉദ്ഘാടന മത്സരത്തിന്റെ വേദി

**എം.എ. ചിദംബരം സ്റ്റേഡിയം, ചെന്നൈ**

  - ഓസ്ട്രേലിയൻ ക്രിക്കറ്റ് ബോർഡ് നടത്തുന്ന ക്രിക്കറ്റ് ലീഗാണിത്
  - ബിഗ് ബാഷ് ലീഗ് ചരിത്രത്തിൽ ആദ്യമായി വിദേശത്ത് മത്സരം നടത്തുന്നു
  - ഉദ്ഘാടന മത്സരത്തിൽ ഏറ്റുമുട്ടുന്ന ടീമുകൾ - **Melbourne Renegades & Perth Scorchers**
  - നരേന്ദ്ര മോദിയുടെ ഓസ്ട്രേലിയൻ സന്ദർശന സമയത്ത് ഔദ്യോഗികമായി സ്ഥിതീകരിച്ചു

- 2026 U-19 യൂറോ കപ്പ് ജേതാക്കൾ

**സ്പെയിൻ** (സ്പെയിന്റെ 10-ാം U-19 യൂറോ കിരീടം)

  - ഒരു ഗോൾ പോലും വഴങ്ങാതെയാണ് സ്പെയിൻ ടൂർണമെന്റ് ജേതാക്കളായത് (U-19 യൂറോ ചരിത്രത്തിൽ ഇതാദ്യമായാണ് ഒരു ടീം ഇത്തരത്തിൽ കിരീടം നേടുന്നത്)
  - ഫൈനലിൽ ജർമ്മനിയെ പരാജയപ്പെടുത്തി

- KCL താരലേലം 2026 (സീസൺ 3 ന് വേണ്ടിയുള്ള ലേലം)
  - ഏറ്റവും വിലയേറിയ താരം - **സിബിൻ ഗിരീഷ്** (₹11.80 ലക്ഷം)
  - ഏറ്റവും വിലയേറിയ രണ്ടാമത്തെ താരം - **കൃഷ്ണ ദേവൻ** (₹11.20 ലക്ഷം)
  - സച്ചിൻ ബേബിയെ സ്വന്തമാക്കിയ ടീം - **ആലപ്പി റിപ്പിൾസ്**
  - ലേലം നടത്തിയത് - **ചാരു ശർമ്മ**
  - KCL ലെ ഏറ്റവും വിലയേറിയ താരം - **സഞ്ജു സാംസൺ**

- കേരള ക്രിക്കറ്റ് ലീഗ് ടീമായ കൊച്ചി ബ്ലൂ ടൈഗേഴ്സിന്റെ സഹ ഉടമയായ മുൻ വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് താരം

**ക്രിസ് ഗെയിൽ**

  - 2025 KCL ജേതാക്കളാണ് കൊച്ചി ബ്ലൂ ടൈഗേഴ്സ്

**Demise**

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത പിന്നണി ഗായിക

**എസ്. ജാനകി**

  - പൂർണ്ണനാമം - **സിസ്റ്റല ശ്രീരാമമൂർത്തി ജാനകി**
  - ജനനം - **1938 ഏപ്രിൽ 23**
  - ജന്മസ്ഥലം - **ആന്ധ്രാപ്രദേശ്**
  - മരണം - **2026 ജൂലൈ 11**
  - 1957ൽ പുറത്തിറങ്ങിയ 'വിധിയിൻ വിളയാട്ട്' എന്ന തമിഴ് ചിത്രത്തിലൂടെയാണ് ചലച്ചിത്ര പിന്നണി ഗാനരംഗത്തേക്ക് പ്രവേശിക്കുന്നത്
  - 1957ൽ 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന മലയാളപടത്തിൽ 'ഇരുൾ മൂടുകയോ എൻ വാഴ്‌വിൽ' എന്ന ഗാനം ആലപിച്ചുകൊണ്ട് മലയാള സിനിമാഗാനരംഗത്തേക്ക് തുടക്കം കുറിച്ചു
  - മികച്ച പിന്നണി ഗായികയ്ക്കുള്ള ദേശീയ ചലച്ചിത്ര പുരസ്കാരം 4 തവണ നേടിയിട്ടുണ്ട് (2 തവണ തമിഴ് ഗാനത്തിനും, 1 തെലുങ്കു ഗാനത്തിനും, 1 മലയാളത്തിനും (ചിത്രം - ഓപ്പോൾ (ഗാനം - ഏറ്റുമാനൂർ അമ്പലത്തിൽ))
  - കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം 11 തവണ നേടിയിട്ടുണ്ട്
  - 2013 - ൽ രാജ്യം പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചെങ്കിലും, ഈ പുരസ്കാരം നിരസിച്ചു.
  - എസ്. ജാനകിയുടെ സംഗീത ജീവിതത്തെ അടയാളപ്പെടുത്തിയ 'എസ്. ജാനകി ആലാപനത്തിലെ തേനും വയമ്പും' എന്ന പുസ്തകം എഴുതിയത് - **അഭിലാഷ് പുതുക്കാട്**

◆ 2026 ജൂലൈയിൽ അന്തരിച്ച അർജന്റീനിയൻ ഫുട്ബോൾ താരം

**അന്റോണിയോ റാറ്റിൻ**

- 1962, 1966 ഫിഫ ലോകകപ്പിൽ കളിച്ചു (1966 ലോകകപ്പിൽ അർജന്റീനയുടെ നായകൻ ആയിരുന്നു)
- 1966 FIFA ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരായ ക്വാർട്ടർ ഫൈനലിൽ റാറ്റിനെ റഫറി പുറത്താക്കി. അന്നത്തെ കാലത്ത് മഞ്ഞ കാർഡും ചുവപ്പ് കാർഡും നിലവിലുണ്ടായിരുന്നില്ല. റഫറി ജർമ്മൻ ഭാഷയാണ് സംസാരിച്ചിരുന്നത്. റാറ്റിന് സ്പാനിഷ് മാത്രമേ അറിയുമായിരുന്നുള്ളൂ. ആശയവിനിമയത്തിലെ പ്രശ്നം കാരണം തീരുമാനം വലിയ വിവാദമായി
- തുടർന്ന് ഫിഫ Yellow Card, Red Card എന്ന കാർഡ് സംവിധാനം അവതരിപ്പിക്കാൻ തീരുമാനിച്ചു.
- 1970 FIFA World Cup മുതൽ ഈ കാർഡ് സംവിധാനം ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നു. റാറ്റിന്റെ സംഭവമാണ് ഈ മാറ്റത്തിന് പ്രധാന പ്രചോദനങ്ങളിലൊന്ന് എന്ന് കണക്കാക്കപ്പെടുന്നു

◆ 2026 ജൂലൈയിൽ അന്തരിച്ച ഖത്തറിന്റെ മുൻ അമീർ

**ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ താനി**

- ഇന്നത്തെ സമ്പന്നവും ആഗോള സ്വാധീനമുള്ള ഖത്തറിനെ രൂപപ്പെടുത്തിയ നേതാവ്
- 2022 ലോകകപ്പ് ഫുട്ബോളിന് ആതിഥേയത്വം വഹിക്കാൻ പ്രാപ്തമാക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ച വ്യക്തിയാണ്.

## Today's MCQ

1. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മാനേജിങ് ഡയറക്ടറും സി.ഇ.ഒ യുമായി നിയമിതനാകുന്നത്

   (a) മഹേഷ് മുരളീധർ പൈ (b) ബി.എ. പ്രഭാകർ

   (c) നരേന്ദ്രസിംഗ് (d) രഞ്ജൻ ധവാൻ

2. 2026 ജൂലൈയിൽ നൃത്ത്യരംഗം ആർട്സ് ആൻഡ് കൾച്ചറൽ ഹെറിറ്റേജ് ഓർഗനൈസേഷന്റെ നാച്ചോ പുരസ്കാരം ലഭിച്ചത്

   (a) മേതിൽ ദേവിക (b) ശോഭന

   (c) രാജശ്രീ വാര്യർ (d) ഡോ. പ്രമോദ് പയ്യന്നൂർ

**Ans : 1. (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
15




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15 JULY 2026

## Appointment

- സ്വകാര്യ ബസ് വ്യവസായം നേരിടുന്ന പ്രതിസന്ധി പഠിക്കാൻ നിയോഗിച്ച വിദഗ്ധസമിതിയുടെ അധ്യക്ഷൻ

  **കെ. പത്മകുമാർ**

  - പ്രിയദർശിനി പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് സ്വകാര്യ ബസ് വ്യവസായം പ്രതിസന്ധിയിലായിരുന്നു. ഇതിനെക്കുറിച്ച് പഠനം നടത്താനാണ് സമിതി.

- മഹാരാഷ്ട്രയിൽ യൂണിഫോം സിവിൽ കോഡ് കരട് തയ്യാറാക്കാൻ രൂപീകരിച്ച സമിതിയുടെ അധ്യക്ഷ

  **ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി**

  - പശ്ചിമ ബംഗാളും യൂണിഫോം സിവിൽ കോഡ് കരട് തയ്യാറാക്കാൻ സമിതി രൂപീകരിച്ചു (അധ്യക്ഷ - **ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായി**)
  - ഉത്തരാഖണ്ഡിലും ഗുജറത്തിലും ഇത്തരത്തിൽ രൂപീകരിച്ച സമിതിയുടെ അധ്യക്ഷ ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായിയാണ്
  - സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി യൂണിഫോം സിവിൽ കോഡ് നടപ്പാക്കിയത് - **ഉത്തരാഖണ്ഡ്**
  - വടക്കു കിഴക്കൻ ഇന്ത്യയിൽ ആദ്യമായി യൂണിഫോം സിവിൽ കോഡ് നടപ്പാക്കിയത് - **അസം**

## Kerala

- ബ്ലേഡ് മാഫിയയുടെ ചൂഷണവും ഭീഷണിയും ഇല്ലാതാക്കാൻ ആഭ്യന്തര വകുപ്പ് ആരംഭിച്ച പദ്ധതി

  **ഓപ്പറേഷൻ കുബേര**

  - പദ്ധതി വീണ്ടും സജീവമാക്കാൻ ഒരുങ്ങുന്നു

- 72-ാമത് നെഹ്റു ട്രോഫി (2026) വള്ളംകളിയുടെ ഭാഗ്യചിഹ്നം ഡിസൈൻ ചെയ്തത്

  **ഹരിൺ കൈരളി**

  - ഭാഗ്യചിഹ്നം - **ചുണ്ടൻവള്ളം തുഴയുന്ന മലമുഴക്കി വേഴാമ്പൽ**
  - 2025ലെ കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാരത്തിന് അർഹമായ 'റാം c/o ആനന്ദി' എന്ന നോവലിന്റെ കവർ ഡിസൈൻ ചെയ്തതും ഇദ്ദേഹമാണ്
  - 2025 ലെ ഭാഗ്യചിഹ്നം - **കാത്തു** (വള്ളം തുഴയുന്ന കാക്കത്തമ്പുരാട്ടി)
  - 2024 ലെ ഭാഗ്യചിഹ്നം - **നീലു** (വള്ളം തുഴയുന്ന പൊന്മാൻ)

## National

- അടുത്തിടെ നിഫ്റ്റി 500 അഹിംസ ഇൻഡെക്സ് പുറത്തിറക്കിയ സ്ഥാപനം

  **നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്** (NSE)

  - നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സ്ഥാപിതമായ വർഷം - **1992**
  - ആസ്ഥാനം - **മുംബൈ, മഹാരാഷ്ട്ര**
  - അഹിംസ (Non-violence) തത്വങ്ങൾ പാലിക്കുന്ന കമ്പനികളെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്.

- കമ്പനികളെ അവരുടെ ബിസിനസ് പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭാഗങ്ങളായി തരംതിരിക്കുന്നു.
  - → ഗ്രീൻ ബാൻഡ് അഹിംസാ തത്വങ്ങൾ പാലിക്കുന്ന കമ്പനികൾ. (ഈ കമ്പനികൾ മാത്രമാണ് ഇൻഡക്സിൽ ഉൾപ്പെടുക.)
  - → ഓറഞ്ച് ബാൻഡ് ഭാഗികമായി മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികൾ. (ഇൻഡക്സിൽ നിന്ന് ഒഴിവാക്കും.)
  - → റെഡ് ബാൻഡ് അഹിംസാ തത്വങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങളുള്ള കമ്പനികൾ. (ഇൻഡക്സിൽ ഉൾപ്പെടുത്തില്ല.)

◆ ഗ്രാമീണ യുവതീ യുവാക്കൾകിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് അടുത്തിടെ ഗ്രാമോദ്യം പദ്ധതി ആരംഭിച്ചത്

**NABARD (National Bank for Agriculture and Rural Development)**

- ഗ്രാമീണ യുവജനതയ്ക്ക് സംരംഭകത്വ പരിശീലനം നൽകുകയും, അവരെ സ്വന്തമായി ബിസിനസ്സ് തുടങ്ങാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.
- ആദ്യ ഘട്ടത്തിൽ 3 വർഷം കൊണ്ട് രാജ്യത്ത് 4,000 ഗ്രാമീണ സംരംഭകരെ വാർത്തെടുക്കാൻ ലക്ഷ്യമിടുന്നു.
- NABARD സ്ഥാപിതമായത് - **12 ജൂലൈ 1982**.
- ആസ്ഥാനം - **മുംബൈ.**
- നബാർഡിന്റെ രൂപീകരണത്തിന് കാരണമായ കമ്മീഷൻ - **ബി. ശിവരാമൻ കമ്മീഷൻ**

◆ മദ്രസ ബോർഡിന് പകരം ന്യൂനപക്ഷ വിദ്യാഭ്യാസ അതോറിറ്റി (മൈനോറിറ്റി എജ്യുക്കേഷൻ അതോറിറ്റി) സ്ഥാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം

**ഉത്തരാഖണ്ഡ്**

- 2026 ജൂലൈ 1 മുതൽ നിലവിൽ വന്നു
- Uttarakhand Minority Educational Institutions Act, 2025 പ്രകാരമാണ് പുതിയ അതോറിറ്റി രൂപീകരിച്ചത്.
- ആസ്ഥാനം - **ഡെറാഡൂൺ**
- പ്രധാന ലക്ഷ്യം എല്ലാ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഏകീകൃത നിയന്ത്രണ സംവിധാനം ഒരുക്കുക.

## International

◆ 2026 ജൂലൈയിൽ തെക്കൻ ചൈനയിൽ വ്യാപക പ്രളയത്തിന് കാരണമായ ഉഷ്ണമേഖലാ ചുഴലിക്കാറ്റ്

**മെയ്സാക്ക്**

- ചുഴലിക്കാറ്റിന് പേര് നൽകിയത് - **കംബോഡിയ** (അർഥം - തേക്ക്)
- ഹെങ്ഷൗ (Hengzhou) നഗരത്തിൽ ഒരു റിസർവോയർ അണക്കെട്ട് ഭാഗികമായി തകർന്നത് വെള്ളപ്പൊക്കത്തിന്റെ തീവ്രത വർധിപ്പിച്ചു
- ഇതിനു പിന്നാലെ ബാവി ചുഴലിക്കാറ്റിന്റെ ഭീഷണിയും ചൈനയിലുണ്ട്

## Science & Technology

- ഇന്ത്യയിലെ ആദ്യത്തെ ക്യാമ്പസ് നിർമ്മിത ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ചിപ്പ്

**CNVR1K (CET-Netrasemi Vision SoC R 1000)**

  - കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയത്തിന്റെ (MeitY) 'ചിപ്സ് ടു സ്റ്റാർട്ടപ്പ്' പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെയാണ് തിരുവനന്തപുരം CET-യും നേത്ര സെമി എന്ന സ്റ്റാർട്ടപ്പും ചേർന്ന് ഈ AI ചിപ്പ് വികസിപ്പിച്ചത്.

## Space

- അടുത്തിടെ വിക്ഷേപിച്ച കോയോ (KOYO) എന്ന ഉപഗ്രഹം നിർമ്മിച്ച കമ്പനി

**ഹെക്സ് 20** (HEX20)

  - KOYO - **Kinetic Optical Yaw Observer**
  - അമേരിക്കയിലെ സ്പേസ് എക്സിന്റെ 'ട്രാൻസ്പോർട്ടർ 17' എന്ന ദൗത്യത്തിന്റെ ഭാഗമായിട്ടാണ് 'കോയോ' (Koyo) എന്ന നിരീക്ഷണ ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചത്.
  - 'നിള' എന്ന കുഞ്ഞൻ ഉപഗ്രഹം വിക്ഷേപിച്ച് സംസ്ഥാനത്തെ ആദ്യ ബഹിരാകാശ സ്റ്റാർട്ടപ്പായി മാറിയ കമ്പനിയാണ് ഹെക്സ് 20
  - ഇതിനു പുറമെ കോമിക് കഥാപാത്രങ്ങളായ മായാവിയുടെ പേരിൽ MAYA-V1 (Multi Application Yearly Assimilated Vehicle) ഡിങ്കന്റെ പേരിൽ DINK-N1(Direct Imaging Network Node 1) എന്നീ ഉപഗ്രഹങ്ങളും NILA III, SAISI, COSPAR-1 തുടങ്ങിയ ഉപഗ്രഹങ്ങളും അവയ്ക്കു പുറമെ ഒരു ലാൻഡറും വിക്ഷേപിക്കാൻ ഒരുങ്ങുന്നു

## Sports

- ലോർഡ്സിൽ നടന്ന ആദ്യ വനിതാ ടെസ്റ്റ് മത്സരത്തിലെ ജേതാക്കൾ

**ഇന്ത്യ**

  - ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി
  - പ്ലെയർ ഓഫ് ദി മാച്ച് - **ക്രാന്തി ഗൗഡ്**

## Demise

- 2026 ജൂലൈയിൽ അന്തരിച്ച ന്യൂസിലാന്റ് ചലച്ചിത്ര നടൻ

**സർ സാം നീൽ**

  - ജുറാസിക് പാർക്ക് എന്ന ചിത്രത്തിൽ ഡോ. അലൻ ഗ്രാന്റ് എന്ന കഥാപാത്രത്തെ അവതരിപ്പിച്ചു

## Today's MCQ

1. വിംബിൾഡൺ 2026 പുരുഷ സിംഗിൾസ് കിരീടം നേടിയ താരം ആരാണ്?

   a) Alexander Zverev  b) Carlos Alcaraz

   c) Jannik Sinner  d) Novak Djokovic

2. ലോർഡ്സിൽ ടെസ്റ്റ് സെഞ്ചുറി നേടിയ ആദ്യ വനിതാ ക്രിക്കറ്റർ ആരാണ്?

   a) സ്മൃതി മന്ദാന  b) ഷെഫാലി വർമ്മ

   c) യസ്തിക ഭാട്ടിയ  d) ഹർമൻപ്രീത് കൗർ

**Ans : 1. (c), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
16




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 16 JULY 2026

## Awards

- 2026 ജൂലൈയിൽ കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ വിശിഷ്ട വ്യക്തികൾക്കുള്ള സീനിയർ ഫെലോഷിപ്പിന് അർഹനായത്

  **ഡോ. എ. എം ഉണ്ണികൃഷ്ണൻ**

  - 'ചട്ടമ്പിസ്വാമികളുടെ ഗദ്യസംഭാവനകൾ' എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനാണ് ഫെലോഷിപ്പ്

- 2026 ജൂലൈയിൽ എസ്.ബി.ടി ഓർമ്മകൂട് പുരസ്കാരത്തിന് അർഹരായവർ

  **എം.ജി ശ്രീകുമാർ, ആലങ്കോട് ലീലാകൃഷ്ണൻ**

  - 25000 രൂപയും ആർട്ടിസ്റ്റ് ഭട്ടതിരി രൂപകൽപന ചെയ്ത ശില്പവും എന്നിവ അടങ്ങുന്നതാണ് പുരസ്കാരം

- 2026 കൊട്ടാരക്കര ഭരത് മുരളി കൾച്ചറൽ സെന്റർ ചലച്ചിത്ര പുരസ്കാരത്തിന് അർഹനായത്

  **അടൂർ ഗോപാലകൃഷ്ണൻ**

  - ചലചിത്ര മേഖലക്ക് നൽകിയ സമഗ്ര സംഭവനകൾക്കാണ് പുരസ്കാരം
  - 25000 രൂപയും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം

## Kerala

- അന്തരിച്ച മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദന് സ്മാരകം നിലവിൽ വരുന്നത്

  **വലിയ ചുടുകാട്** (ആലപ്പുഴ)

  - ശില്പി ഉണ്ണി കാനായിയുടെ നേതൃത്വത്തിലാണ് സ്മാരകം നിർമിക്കുന്നത്
  - വി.എസ് അനുസ്മരണ ദിനമായ ജൂലൈ 21 നാവും സ്മാരകത്തിന്റെ നിർമാണം പൂർത്തിയാവുക

## Books and Authors

- മഹാഭാരതത്തെ ആസ്പദമാക്കി ഡോ. എം ലീലാവതി രചിക്കുന്ന പുതിയ പുസ്തകം

  **ഭാരതാലോകം**

## National

- ഏതു രാജ്യവുമായി സഹകരിച്ചാണ് ഇന്ത്യ 'ഇന്റർനാഷണൽ സെന്റർ ഫോർ സിവിലൈസേഷണൽ സ്റ്റഡീസ് മനാസ് ആൻഡ് മഹാഭാരത' ആരംഭിക്കുന്നത്

  **കിർഗിസ്ഥാൻ**

  - ബിഷ്കെക്കിലാവും ഈ പഠന കേന്ദ്രം നിലവിൽ വരിക
  - കിർഗിസ്ഥാന്റെ ദേശിയ ഇതിഹാസ കൃതിയാണ് - **മനാസ്**

- 2028-29 കാലയളവിലെ യു.എൻ. രക്ഷാസമിതിയിലെ താത്കാലിക അംഗത്വം ലഭിക്കുന്നതിനായി ഇന്ത്യ ആരംഭിച്ച ക്യാമ്പയ്ൻ

  **ശാന്തി**

  - Securing Holistic Advancement Through Norms, Trust and Integrity എന്നാണ് ശാന്തിയുടെ പൂർണരൂപം
  - വിദേശകാര്യ വകുപ്പ് മന്ത്രി എസ്. ജയശങ്കറാണ് ക്യാമ്പയ്ൻ അവതരിപ്പിച്ചത്

- സർക്കാർ തലത്തിലുള്ള ആദ്യത്തെ എ.ഐ സർവകലാശാല നിലവിൽ വരുന്ന സംസ്ഥാനം

**കർണാടക**

  - എ ഐ വിദ്യാഭാസത്തിന്റെയും ഗവേഷണത്തിന്റെയും ഇന്നോവേഷന്റെയും സംരംഭകത്വത്തിന്റെയും വികസനത്തിനായാണ് സർവകലാശാല ആരംഭിക്കുന്നത്

## Sports

- അടുത്തിടെ കരീബിയൻ കടലിൽ നിന്ന് കണ്ടെത്തിയ കടൽ ഒച്ചിന് ഏത് കായിക താരത്തിനോടുള്ള ആദര സൂചകമായിട്ടാണ് അദ്ദേഹത്തിന്റെ പേര് നൽകിയത്

**വോസിഞ്ഞ**

  - കേപ് വെർദയുടെ ഗോൾകീപ്പർ വോസിഞ്ഞ എന്ന ജോസിമാർ ഡയസിനോടുള്ള ആദരസൂചകമായിട്ടാണ് ചുവന്ന കടലൊച്ചിന് അൽഡിസ വോസിഞ്ഞ എന്ന പേര് നൽകിയത്.
  - സ്പാനിഷ് ബയോളജിസ്റ്റ് Jesus Ortea യാണ് കണ്ടുപിടിത്തം നടത്തിയത്

## Demise

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത തമിഴ് എഴുത്തുകാരൻ

**പൂമണി**

  - മാനിക്കവാസകം എന്നായിരുന്നു യഥാർത്ഥ നാമം
  - ഇദ്ദേഹത്തിന്റെ വെക്കൈ എന്ന നോവലിനെ ആസ്പദമാക്കിയാണ് പ്രമുഖ സംവിധായകൻ വെട്രിമാരൻ ദേശിയ ചലച്ചിത്ര പുരസ്കാരം നേടിയ അസുരൻ എന്ന ചലച്ചിത്രം ഒരുക്കിയത്

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത പാവകളി കലാകാരി

**മൂഴിക്കൽ പങ്കജാക്ഷി**

  - 2020 ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു
  - ഫ്രാൻസ് ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ പാവകളി അവതരിപ്പിച്ചിട്ടുണ്ട്

## Today's MCQ

1. ബ്ലേഡ് മാഫിയയുടെ ചൂഷണവും ഭീഷണിയും ഇല്ലാതാക്കാൻ കേരള ആഭ്യന്തര വകുപ്പ് ആരംഭിച്ച പദ്ധതി ഏതാണ്?

   a) ഓപ്പറേഷൻ സാഗർ  b) ഓപ്പറേഷൻ കുബേര

   c) ഓപ്പറേഷൻ സുരക്ഷ  d) ഓപ്പറേഷൻ കവചം

2. 72-ാമത് (2026) നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നം ഡിസൈൻ ചെയ്തത് ആരാണ്?

   a) കെ. വി. ബിജിമോൾ  b) ഹരിൺ കൈരളി

   c) സജീവ് ബാലൻ  d) അനൂപ് രാജ്

**Ans : 1. (b), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
17-18



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 17, 18 JULY 2026

## Kerala

- കേരളത്തിലെ ആദ്യത്തെ ശാസ്ത്രീയ മണ്ണിടിച്ചിൽ മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിതമാകുന്നത്

  **കണിച്ചാർ (കണ്ണൂർ)**

  - കാലാവസ്ഥാ വ്യതിയാനത്തിന്റെയും മഴക്കാലത്ത് ആവർത്തിച്ചുണ്ടാകുന്ന മണ്ണിടിച്ചിലുകളുടെയും പശ്ചാത്തലത്തിലാണ് ഈ സംവിധാനം ഒരുക്കുന്നത്.

- പാമ്പിന്റെ വിഷം അളക്കുന്നതിനും ചികിത്സ വേഗത്തിലാക്കുന്നതിനുമായി ബയോസെൻസർ വികസിപ്പിച്ച് കേരള ഗവേഷകർ.
  - പാമ്പുകടിയേറ്റ ശേഷം ശരീരത്തിൽ വിഷത്തിന്റെ അളവ് അളക്കാനും ആവശ്യമായ അളവിൽ ആന്റിവെനം നൽകാൻ ഡോക്ടർമാരെ സഹായിക്കാനും കഴിയുന്ന ഒരു ബയോസെൻസർ തൃശ്ശൂരിലെ സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (C-MET) യും തിരുവനന്തപുരത്തെ ബയോടെക്നോളജി സ്റ്റാർട്ടപ്പായ കേരള ബയോയും ചേർന്ന് വികസിപ്പിച്ചെടുത്തു.
  - ലോക പാമ്പ് ദിനം - **ജൂലൈ 16**

## National

- പി.ആർ.എസ് ലെജിസ്ലേറ്റീവ് റിസർച്ച് പുറത്തുവിട്ട ആനുവൽ റിവ്യൂ ഓഫ് സ്റ്റേറ്റ് ലോസ് 2025 പ്രകാരം 2021 നും 2025 നും ഇടയിലുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും ഉയർന്ന ശരാശരി സമ്മേളന ദിവസങ്ങളുള്ള സംസ്ഥാനം

  **കേരളം (41 ദിവസങ്ങൾ)**

  - ഈ പട്ടികയിൽ രണ്ടാം സ്ഥാനത്ത് ഒഡീഷയും (39 ദിവസങ്ങൾ), മൂന്നാം സ്ഥാനത്ത് കർണാടകയുമാണ് (37 ദിവസങ്ങൾ).
  - ഇന്ത്യയിലെ 27 സംസ്ഥാന നിയമസഭകളുടെയും 3 കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിനായി പരിശോധിച്ചത്.

- ഇന്ത്യയിൽ കരയിലും വെള്ളത്തിലും ഒരുപോലെ ഇറക്കാൻ സാധിക്കുന്ന ആംഫിബിയൻ വിമാനം പറത്താൻ ലൈസൻസുള്ള രാജ്യത്തെ ഏക വ്യക്തി

  **അരുൺ ഗോപ്**

  - അരുൺ ഗോപ് ഒരു മലയാളിയാണ്.
  - കരയിലും വെള്ളത്തിലും ഒരുപോലെ ലാൻഡ് ചെയ്യാനും ടെക്ക് ഓഫ് ചെയ്യാനും കഴിയുന്ന വിമാനങ്ങളാണ് ആംഫിബിയൻ വിമാനങ്ങൾ.
  - നിലവിൽ ഇത്തരം വിമാനങ്ങൾ പറത്താൻ ലൈസൻസുള്ള ഇന്ത്യയിലെ ഒരേയൊരു വ്യക്തി അരുൺ ഗോപാണ്.
  - കൊച്ചിയിൽ നിന്നും ലക്ഷദ്വീപിലെ 5 ദ്വീപുകളിലേക്കാണ് സർവീസ് നടത്തുന്നത്.

◆ അടുത്തിടെ ഭൗമസൂചിക പദവി ലഭിച്ച ഗുജറാത്തിലെ കാർഷിക ഉൽപ്പന്നങ്ങൾ

**ഉൻഝ ജീരകം, ഉൻഝ പെരുംജീരകം**

- ഈ രണ്ട് ഉൽപ്പന്നങ്ങളും ഉത്തര ഗുജറാത്ത് മേഖലയിൽ നിന്നുള്ളവയാണ്.
- ഇന്ത്യയിൽ സുഗന്ധവ്യഞ്ജനങ്ങൾക്ക് പ്രശസ്തമായിട്ടുള്ള പ്രദേശമാണ് ഗുജറാത്തിലെ ഉൻഝ.

◆ മധ്യപ്രദേശിലെ കെയ്ൻ നദിയെ ഉത്തർപ്രദേശിലെ ബെത്വ തടവുമായി ബന്ധിപ്പിക്കുന്ന നദീസംയോജന പദ്ധതിക്കെതിരെ മധ്യപ്രദേശിൽ ആദിവാസികൾ നടത്തുന്ന സമരം

**ചിതാ പ്രക്ഷോഭം**

- പദ്ധതി മൂലം കിടപ്പാടം നഷ്ടമായവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസവും ആവശ്യപ്പെട്ടാണ് സമരം നടത്തുന്നത്.
- മധ്യപ്രദേശിലെ ഛത്തർപൂരിലാണ് ഈ സമരം നടക്കുന്നത്.
- ഛത്തർപൂരിലെ ബരാണ നദിയിലെ പാലത്തിന് കീഴിലാണ് സമരക്കാർ നിലവിൽ കുത്തിയിരിപ്പ് സമരം നടത്തുന്നത്.
- ആദിവാസി സ്ത്രീകളോടൊപ്പം ചേർന്ന് ഈ 'ചിതാ പ്രക്ഷോഭം' നയിക്കുന്ന പ്രധാന വ്യക്തിയാണ് അമിത് ഭട്നാഗർ. ഇദ്ദേഹം നിലവിൽ നിരാഹാര സമരത്തിലാണ്.

◆ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ (AAI) 2026 ദേശീയ കസ്റ്റമർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സിൽ ഒന്നാം സ്ഥാനം നേടിയത്

**ഖജുരാഹോ വിമാനത്താവളം** (മധ്യപ്രദേശ്)

- രാജ്യത്തുടനീളമുള്ള യാത്രക്കാരുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് ഖജുരാഹോ വിമാനത്താവളത്തെ മികച്ചതായി തിരഞ്ഞെടുത്തത്.
- യാത്രാസൗകര്യം, ശുചിത്വം, സുരക്ഷ, സേവനം, വിവരവിനിമയം തുടങ്ങിയ വിവിധ മേഖലകളിലെ മികച്ച പ്രകടനം കണക്കിലെടുത്താണ് ഈ അംഗീകാരം നൽകിയത്.

◆ ഇന്ത്യയിലെ ഏറ്റവും വലിയ വില്ലേജ് ലെവൽ ടെലികോം നെറ്റ്‌വർക്ക് സർവേ നടത്തുന്നതിനായി തപാൽ വകുപ്പുമായി കരാറിൽ ഒപ്പുവെച്ചത്

**ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ** (TRAI)

- കേന്ദ്ര കമ്മ്യൂണിക്കേഷൻസ് മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ നേതൃത്വത്തിലാണ് ഈ സുപ്രധാന പദ്ധതി ആരംഭിച്ചത്.
- ഗ്രാമീണ മേഖലകളിലെ മൊബൈൽ കണക്റ്റിവിറ്റി പ്രശ്നങ്ങൾ കണ്ടെത്തുകയും ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയുമാണ് ലക്ഷ്യം.

◆ ഫോർച്യൂൺ ഇന്ത്യ ഏറ്റവും സ്വാധീനമുള്ള വനിതകളുടെ പട്ടിക 2026 ൽ ഒന്നാം സ്ഥാനത്ത്

**നീത അംബാനി**

- റിലയൻസ് ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമാണ്
- ബിസിനസ്സ്, സാമൂഹിക സേവനം, നേതൃപാടവം തുടങ്ങിയ വിവിധ മേഖലകളിൽ ഇന്ത്യയിലെ വനിതകൾ കൈവരിച്ച മികച്ച നേട്ടങ്ങളും അവരുടെ സ്വാധീനവും വിലയിരുത്തിയാണ് ഈ വാർഷിക പട്ടിക തയ്യാറാക്കുന്നത്.
- രണ്ടാം സ്ഥാനം - **റോഷ്നി നാടാർ മൽഹോത്ര**

## International

- കുവൈത്ത് പുതുതായി ആരംഭിച്ച ദീർഘകാല റെസിഡൻസി പ്രോഗ്രാമിലെ ആദ്യത്തെ 15 വർഷത്തെ 'ഗോൾഡൻ റെസിഡൻസി പെർമിറ്റ്' ലഭിച്ചത്

**എം. എ. യൂസഫലി**

- കേരളത്തിൽ ജനിച്ച പ്രമുഖ ഇന്ത്യൻ വ്യവസായിയും ലുലു ഗ്രൂപ്പ് ഇന്റർനാഷനൽ ചെയർമാനുമാണ് അദ്ദേഹം.
- കുവൈത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വിദേശിക്ക് ഇത്തരത്തിൽ 15 വർഷത്തെ ദീർഘ കാല നിക്ഷേപക റെസിഡൻസി അനുവദിച്ച് നൽകുന്നത്.
- ഈ പദ്ധതി പ്രകാരം യോഗ്യരായ നിക്ഷേപകർക്ക് പരമാവധി 15 വർഷം വരെ കാലാവധിയുള്ള താമസാനുമതി ലഭിക്കും.

- അടുത്തിടെ 500 ലധികം പേർ മരിച്ചതായി കണക്കാക്കുന്ന ബോട്ട് അപകടം ഉണ്ടായത്

**മ്യാൻമർ**

- മ്യാൻമറിലെ റാഖൈൻ സംസ്ഥാനത്ത് നിന്ന് പുറപ്പെട്ട രണ്ട് കപ്പലുകളിൽ ഭൂരിഭാഗവും വംശീയ ന്യൂനപക്ഷമായ റോഹിംഗ്യൻ യാത്രക്കാരെയാണ് വഹിച്ചിരുന്നത്
- 250 ഓളം ആളുകളുമായി പോയ ആദ്യ ബോട്ടും അതിനുശേഷം മ്യാൻമറിലെ അയേയർവാഡി തീരത്ത് 280 പേരുമായി പോയ രണ്ടാമത്തെ ബോട്ട് മുങ്ങിയതായി കരുതപ്പെടുന്നു.

## Space

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ മലയാളി വംശജനായ ആദ്യത്തെ നാസ യാത്രികൻ.

**അനിൽ മേനോൻ**

- സോയൂസ് എം.എസ്.29 എന്ന ബഹിരാകാശ പേടകത്തിലൂടെയാണ് യാത്ര
- വിക്ഷേപണ തീയതി - **2026 ജൂലൈ 14**
- വിക്ഷേപണ കേന്ദ്രം - **കസാഖ്സ്ഥാനിലെ ബൈക്കന്നൂർ കോസ്മോഡ്രോം**
- റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസിന്റെ (Roscosmos) സോയൂസ് 2.1 എ റോക്കറ്റ്.
- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എട്ട് മാസത്തോളം നീളുന്ന ഗവേഷണങ്ങൾ.
- മൈക്രോ ഗ്രാവിറ്റിയിൽ (Microgravity) മനുഷ്യശരീരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം.

## Science and Technology

- അടുത്തിടെ കേരള കാർഷിക സർവകലാശാല പുറത്തിറക്കിയ 5 പുതിയ വിളയിനങ്ങൾ

**തേജസ്വിനി (മുളക്)**

**മേധ (ബ്രഹ്മി)**

**സൗഗന്ധിക (രാമച്ചം)**

**കൊച്ചിൻ പ്രൈഡ് (ഇഞ്ചി)**

**ഗോൾഡൻ ഫിംഗർ (മഞ്ഞൾ)**

- കൂടുതൽ വിളവും വരുമാനവും ഉറപ്പുനൽകുന്ന വിളകളാണിവ

## Sports

- 2026 ഫിഫ ലോകകപ്പ് ഫൈനൽ മത്സരത്തിലേക്ക് യോഗ്യത നേടിയ ടീമുകൾ

  **സ്പെയിൻ, അർജന്റീന**

  - വേദി - **മെറ്റ്ലൈഫ് സ്റ്റേഡിയം, ന്യൂയോർക്ക്**
  - ഫ്രാൻസിനെ 2-0 ന് പരാജയപ്പെടുത്തിയാണ് സ്പെയിൻ ഫൈനൽ ഉറപ്പിച്ചത്.
  - ഇംഗ്ലണ്ടിനെതിരെ 2-1 ന് പരാജയപ്പെടുത്തിയാണ് അർജന്റീന ഫൈനലിൽ പ്രവേശിച്ചത്
  - 2022 ഫിഫ ലോകകപ്പ് ചാമ്പ്യന്മാർ - **അർജന്റീന**
- 22-ാമത് കോമൺവെൽത്ത് ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ് 2026 ഭാഗ്യചിഹ്നം

  **മയൂർ** (Mayur)

  - വേദി - **ന്യൂഡൽഹി**
  - ഇന്ത്യയുടെ ദേശീയ പക്ഷിയായ മയിലിനെ അടിസ്ഥാനമാക്കിയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്.
  - ചിഹ്നം പ്രകാശനം ചെയ്തത് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത
  - 35ലധികം കോമൺവെൽത്ത് രാജ്യങ്ങൾ ഈ കായിക മാമാങ്കത്തിൽ പങ്കെടുക്കുന്നു.
  - ഡൽഹി സർക്കാരും ടേബിൾ ടെന്നീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ഇത് സംഘടിപ്പിക്കുന്നത്.

## Demise

- 2026 ജൂലൈയിൽ അന്തരിച്ച എഴുത്തുകാരിയും ചിത്രകാരിയും അധ്യാപികയുമായ വ്യക്തി

  **ഡോ. വി. പദ്മാവതി**

  - പ്രധാന കൃതികൾ - **ഇരമ്പുന്ന കടൽ** (നാടകം), **അറിയപ്പെടാത്തവൾ** (ചെറുകഥ), **മൂകമാം വാചാലത** (കവിത), **സന്ധ്യാരാഗം** (കവിത), **ചിതറിയ കലാചിത്രങ്ങൾ** (ലേഖന സമാഹാരം)
  - ആത്മകഥ - **പ്രഭാതംമുതൽ പ്രദോഷം വരെ**

## Today's MCQ

1. 2026 കൊട്ടാരക്കര ഭരത് മുരളി കൾച്ചറൽ സെന്റർ ചലച്ചിത്ര പുരസ്കാരത്തിന് അർഹനായത്

   a) മോഹൻലാൽ b) കമൽ

   c) അടൂർ ഗോപാലകൃഷ്ണൻ d) മമ്മൂട്ടി

2. 2026 ജൂലൈയിൽ കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ വിശിഷ്ട വ്യക്തികൾക്കുള്ള സീനിയർ ഫെലോഷിപ്പിന് അർഹനായത്

   a) സുനിൽ. പി. ഇളയിടം b) രാജശേഖരൻ

   c) ഡോ. എം. ലീലാവതി d) ഡോ. എ. എം. ഉണ്ണികൃഷ്ണൻ

**Ans : 1. (c), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
19-21




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 19,20,21 JULY 2026

## Appointments

- 2026 ജൂലൈയിൽ ബ്രിട്ടന്റെ പ്രധാനമന്ത്രിയായി നിയമിതനായത്

  **ആൻഡി ബേൺഹം**

  - ബ്രിട്ടന്റെ 59-ാമത് പ്രധാനമന്ത്രി ആയിട്ടാണ് ബേൺഹം അധികാരമേറ്റത്.
- കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ പുതിയ ചെയർമാൻ

  **വി.ഡി സതീശൻ**
- 2026 ജൂലൈയിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അധ്യക്ഷനായി നിയമിതനായത്

  **ഹർജിത് സിങ് ഗ്രെവാൾ**

## Books and Authors

- നായ പരിശീലനത്തിനുള്ള രാജ്യത്തെ ആദ്യത്തെ പാഠപുസ്തകം രചിച്ചത്

  **ഡോ. എം.എസ് ശിവപ്രസാദ്**

  - 'ഹാൻഡ്ബുക് ഓൺ പ്രൊഫഷണൽ ഡോഗ് ട്രെയിനിങ് ആൻഡ് കനൈൻ ഫോറൻസിക്' എന്നാണ് പുസ്തകത്തിന്റെ പേര്
  - കാലിക്കറ്റ് സർവകലാശാലയുടെ ഫോറൻസിക് സയൻസ് വകുപ്പാണ് പ്രസാധകർ
- 'ഒരു പന്തുകളിക്കാരന്റെ ഇന്ത്യൻ യാത്രകൾ' എന്ന പുസ്തകം രചിച്ചത്

  **സി. കെ. വിനീത്**

  - ഫുട്ബാൾ താരം സുനിൽ ഛേത്രിയാണ് പുസ്തകത്തിന്റെ കവർപേജ് പ്രകാശനം ചെയ്തത്
  - മാതൃഭൂമി ബുക്സാണ് പ്രസാധകർ

## Kerala

- മഴകാലത്ത് ഭക്ഷണം, വെള്ളം എന്നിവയിൽ നിന്നുള്ള രോഗവ്യാപന സാധ്യത തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പരിശോധന

  **ഓപ്പറേഷൻ മൺസൂൺ**
- 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയുടെ ഭാഗ്യ ചിഹ്നം

  **വേഴു**

  - വള്ളം തുഴയുന്ന വേഴാമ്പലാണ് വേഴു
- അടുത്തിടെ മഹോദയപുരം ചേരപ്പെരുമാൾ കോതരവിയുടെ പേര് പരാമർശിക്കുന്ന ലിഖിതം കണ്ടെത്തിയ ക്ഷേത്രം

  **ചേലേമ്പ്രയിലെ പെരുമണ്ണശ്ശേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം**

  - മലപ്പുറം ജില്ലയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്
  - ക്ഷേത്രത്തിനകത്ത് നമസ്കാരമണ്ഡപത്തിനു വടക്കുഭാഗത്ത് സ്ഥാപിച്ച കല്ലിലാണ് വട്ടെഴുത്ത് ലിപിയിലുള്ള രേഖ.
  - ഒൻപതാം നൂറ്റാണ്ടിലെ കോതരവിയുടെ ഭരണകാലത്ത് കോവിൽ മൂത്താരും ഇളയാരും കൂടിചെയ്ത ചില വ്യവസ്ഥകളാണ് രേഖാപരാമർശം

## National

- 2026 ജൂലൈയിൽ വടക്കൻ ആഫ്രിക്കയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് ടുബ്കാൽ കീഴടക്കിയ മലയാളി ബാലിക

  **ഇയ കൃഷ്**

  - മൊറോക്കോയിലാണ് മൗണ്ട് ടുബ്കാൽ സ്ഥിതി ചെയ്യുന്നത്
  - 4167 മീറ്ററാണ് ഈ പർവതത്തിന്റെ ഉയരം

## International

- 2026 ജൂലൈയിൽ കണ്ടെത്തിയ പുതിയ കുരങ്ങ് ഇനം

  **Likweli**

  - ഡെമോക്രറ്റിക് റിപ്പബ്ലിക്ക് ഓഫ് കോംഗോയിലെ ലൊമാമി നാഷണൽ പാർക്കിൽ നിന്നാണ് ഗവേഷകർ ഈ പുതിയ ഇനം കുരങ്ങിനെ കണ്ടെത്തിയിരിക്കുന്നത് .

## Science & Technology

- 2026 ജൂലൈയിൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം C.M.F.R.I കണ്ടെത്തിയ പുതിയ മത്സ്യ ഇനം

  **ഇന്ത്യൻ ഡോറി**

  - Cyttopsis indica എന്നാണ് ശാസ്ത്രീയ നാമം
  - ലക്ഷദ്വീപ് കടലിന്റെ കിഴക്കൻ മേഖലയിൽ 350 മുതൽ 500 മീറ്റർ വരെ ആഴമുള്ള ഭാഗത്തു നിന്നാണ് ഇവയെ കണ്ടെത്തിയത്.

## Sports

- 2026 കോമൺവെൽത്ത് ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ പതാക വഹിക്കുന്നത്

  **ലവ്‌ലിന ബോർഹെയ്ൻ, മീരാഭായ് ചാനു**

  - 2026 കോമൺവെൽത്ത് ഗെയിംസ് വേദി - **ഗ്ലാസ്ഗോ**

- ഉത്തേജക മരുന്ന് വിരുദ്ധ ചട്ടം ലംഘിച്ചതിന് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ വിലക്ക് ഏർപ്പെടുത്തിയ പാക്കിസ്ഥാൻ ക്രിക്കറ്റ് താരം

  **മുഹമ്മദ് നവാസ്**

  - മൂന്നു മാസത്തേയ്ക്കാണ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്

- ഏറ്റവും മൂല്യമേറിയ രണ്ടാമത്തെ ഫുട്ബോൾ ജേഴ്‌സിയായി അടുത്തിടെ ലേലത്തിൽ നിശ്ചയിക്കപ്പെട്ട ജേഴ്‌സി

  **1958 ലോകകപ്പ് ഫൈനലിൽ പെലെ ധരിച്ചിരുന്ന ജേഴ്‌സി**

  - 4.9 മില്യൺ ഡോളറിനാണ് ജേഴ്‌സി ലേലത്തിൽ വിറ്റത്.
  - 'ദൈവത്തിന്റെ കൈ' എന്ന വിഖ്യാത ഗോൾ പിറന്ന മത്സരത്തിൽ മറഡോണ ധരിച്ച ജേഴ്‌സിയാണ് ലോകത്തിലെ ഏറ്റവും മൂല്യമേറിയ ജേഴ്‌സി

- 2026 ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിതാ സിംഗിൾസ് വിഭാഗത്തിൽ ജേതാവായത്

  **പി.വി സിന്ധു**

  - ലോക മൂന്നാം നമ്പർ താര അകാനെ യാമഗുച്ചിയെ നേരിട്ടുള്ള സെറ്റുകളിൽ പരാജയപെടുത്തിയാണ് സിന്ധു കിരീടം നേടിയത്
  - 19 മാസങ്ങൾക്കു ശേഷമാണ് സിന്ധു ഒരു കിരീടം സ്വന്തമാക്കുന്നത്

◆ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഏകദിന മത്സരത്തിൽ സെഞ്ചറി നേടുന്ന ആദ്യത്തെ ഇന്ത്യൻ ബാറ്റർ

**രോഹിത് ശർമ്മ**

❖ ഒരു വിദേശ രാജ്യത്ത് എട്ട് ഏകദിന സെഞ്ചുറികൾ നേടുന്ന ലോകത്തിലെ ആദ്യത്തെ താരമെന്ന നേട്ടവും രോഹിത് ശർമ്മ സ്വന്തമാക്കി

❖ ഒരു വിദേശ രാജ്യത്ത് ഏഴ് സെഞ്ചുറികൾ വീതം നേടിയ സച്ചിൻ തെണ്ടുൽക്കർ (യു.എ.ഇ), ക്വിന്റൺ ഡി കോക്ക് (ഇന്ത്യ), എ.ബി.ഡിവില്ലിയേഴ്സ് (ഇന്ത്യ), സയീദ് അൻവർ (യു.എ.ഇ) എന്നിവരുടെ റെക്കോഡാണ് രോഹിത് മറികടന്നത്.

## Demise

◆ 2026 ജൂലൈയിൽ അന്തരിച്ച മുൻ വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് താരം

**സർ ഗാരി സോബേഴ്സ്**

❖ ഒരു ഫസ്റ്റ് ക്ലാസ് മത്സരത്തിലെ ഒരു ഓവറിലെ ആറ് പന്തുകളും സിക്സർ അടിച്ച ആദ്യ താരം

❖ 1975-ൽ ബ്രിട്ടനിലെ രാജ്ഞി സോബേഴ്സ് ക്രിക്കറ്റിന് നൽകിയ സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തിന് 'നൈറ്റ്ഹുഡ്' (സർ പദവി) നൽകി.

## Today's MCQ

1. പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ച് പുറത്തുവിട്ട ആനുവൽ റിവ്യൂ ഓഫ് സ്റ്റേറ്റ് ലോസ് 2025 പ്രകാരം 2021 നും 2025 നും ഇടയിലുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും ഉയർന്ന ശരാശരി സമ്മേളന ദിവസങ്ങളുള്ള സംസ്ഥാനം

   (a) കേരളം (b) ഒഡീഷ

   (c) കർണാടക (d) മഹാരാഷ്ട്ര

2. ഇന്ത്യയിൽ കരയിലും വെള്ളത്തിലും ഒരുപോലെ ഇറക്കാൻ സാധിക്കുന്ന ആംഫിബിയൻ വിമാനം പറത്താൻ ലൈസൻസുള്ള രാജ്യത്തെ ഏക വ്യക്തി

   (a) അഭിനന്ദൻ വർത്തമാൻ (b) അരുൺ ഗോപ്

   (c) രാജീവ് പ്രതാപ് റൂഡി (d) ആവണി ചതുർവേദി

**Ans : 1. (a), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
22



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22 JULY 2026

## Appointments

- ഉക്രൈനിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത്

  **Serhii Koretskyi**

  - ഉക്രൈയിൻ പ്രസിഡന്റ് - **Volodymyr Zelenskyy**

- 2026 ജൂലൈയിൽ ഓപ്പൺ AI യുടെ ചീഫ് ടെക്നോളജി ഓഫീസർ ആയി നിയമിതനായത്

  **ഉദയ് രുദ്രരാജു**

## Awards

- സംസ്ഥാന ബാലസാഹിത്യ അക്കാദമി പുരസ്കാരം 2026
  - ഉല്ലല ബാബു സ്മാരക ബാലസാഹിത്യ പുരസ്കാരം - **സന്തോഷ് ഏച്ചിക്കാനം** (കൃതി - മിസാറു)
  - പി.ഐ. ശങ്കരനാരായണൻ സ്മാരക ബാലസാഹിത്യ പുരസ്കാരം

    **കെ. സച്ചിദാനന്ദൻ** (കൃതി - പുഴുവായിരിന്നു ഞാൻ)
  - കെ.വി. രാമനാഥൻ മാസ്റ്റർ സ്മാരക പുരസ്കാരം

    **ശ്രീജിത്ത് പെരുന്തച്ചൻ** (കൃതി - പഴമൊഴി പുതുമ)
  - 20001 രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരം

  **മറ്റ് അവാർഡുകൾ:**

  - പുനരാഖ്യാനം - **എം.ആർ. പ്രദീപ്** (1000 ഈസോപ്പ് കഥകൾ)
  - ബാല നോവൽ - **പി.കെ. റാണി** (ഒരു തലയും ഒരായിരം ചിന്തകളും)
  - ബാലകഥ - **കണ്ണനുണ്ണി** (ഹീറോ ഡാഡിയും കുഞ്ഞൻ ബ്രോയും)

    **ടി.വി. ഹരികുമാർ കണിച്ചുകുളങ്ങര** (കഥച്ചെപ്പ്)
  - ബാലകവിത - **മിഥുന സജിൻ** (ചോനനുറുമ്പും തേൻവരിക്കയും),

    **എൻ.എൽ. സുരേന്ദ്രൻ** (നാമൊന്ന്)
  - ബാലനാടകം - **ജയശ്രീ പള്ളിക്കൽ** (അഭിരാമിന്റെ അച്ഛൻ)
  - ബാലപ്രതിഭാ പുരസ്കാരം - **ആർ.പി. വരദ** (ഊഞ്ഞാലുകുട്ടീടെ ഉമ്മിണിക്കാര്യങ്ങൾ)
  - 10,000 രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് പുരസ്കാരം
  - കവി കെ.ജി. ശങ്കരപ്പിള്ള പുരസ്കാരങ്ങൾ വിതരണം ചെയ്യും

- 2026 ജൂലൈയിൽ ലോകമാന്യ പുരസ്കാരത്തിന് അർഹനായത്

  **അജിത് ഡോവൽ**

  - തിലക് സ്മാരക ട്രസ്റ്റാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്
  - ബാലഗംഗാധര തിലകിന്റെ അനുസ്മരണ ദിനമായ ഓഗസ്റ്റ് 1ന് പുരസ്ക്കാരം സമ്മാനിക്കും

- 2026 - ൽ എം.പി.പോൾ പുരക്സാരത്തിനു അർഹനായത്

  **ആഷാമേനോൻ**

  - സാഹിതീ സഖ്യം ട്രസ്റ്റാണ് പുരസ്കാരം ഏർപ്പെടുത്തിയത്
  - ശമപൊരുൾ എന്ന പുസ്തത്തിന്റെ രചയിതാവ് - **ആഷാമേനോൻ**

## Kerala

- 2026 ജൂലൈയിൽ കണ്ണൂരിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം തുമ്പി

  **Lestes paloti**

  - കോഴിക്കോട് സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞനായ ഡോ. മുഹമ്മദ് ജാഫർ പാലോട്ടിനോടുള്ള ആദര സൂചകമായിട്ടാണ് ഈ പേര് നൽകിയത്

- പാമ്പു കടിയേറ്റുള്ള മരണങ്ങൾ അവസാനിപ്പിക്കുന്നതിനായി കേരളം പുറത്തിറക്കിയ കർമ്മ പദ്ധതി

  **State Action Plan for Prevention and Control of Snakebite Envenoming (SAPSE)**

  - 2030 - ൽ പാമ്പു കടിയേറ്റുള്ള മരണങ്ങൾ ഇല്ലാതാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

## National

- ഇന്ത്യയിൽ അംഗീകാരം നൽക്കുന്ന ആദ്യത്തെ ഡെങ്കിപ്പനി പ്രതിരോധ വാക്സിൻ

  **ക്യൂഡെങ്ക (Qdenga)**

  - ജാപ്പനീസ് കമ്പനിയായ ടകേഡ ബയോഫാർമസ്യൂട്ടിക്കൽസാണ് വാക്സിൻ വികസിപ്പിച്ചത്
  - നാല് ഡെങ്കിപ്പനി വകഭേദങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള വാക്സിൻ നിലവിൽ 40 ൽ അധികം രാജ്യങ്ങളിൽ ഉപയോഗിച്ചു വരുന്നു.

- ഇന്ത്യയിലെ ആദ്യത്തെ ഇമ്മേഴ്സീവ് ലാംഗ്വേജ് മ്യൂസിയം പ്രവർത്തനം ആരംഭിച്ചത്

  **കൊൽക്കത്ത**

  - **ശബ്ദലോക്** എന്നാണ് മ്യൂസിയത്തിന്റെ പേര്

## International

- ബഹുരാഷ്ട്ര വ്യോമ അഭ്യാസമായ പിച്ച് ബ്ലാക്ക് ന്റെ വേദി

  **ഓസ്ട്രേലിയ**

  - ഓസ്ട്രേലിയിലെ ഡാർവിനാണ് പ്രധാന വേദി
  - 20 രാജ്യങ്ങൾ പങ്കെടുക്കും

## Sports

- ഏറ്റവും പുതിയ ഫിഫ പുരുഷ ഫുട്ബോൾ റാങ്കിങ് പ്രകാരം ഒന്നാമതെത്തിയ രാജ്യം

  **സ്പെയിൻ**

  - രണ്ടാം സ്ഥാനം - **അർജന്റീന**
  - മൂന്നാം സ്ഥാനം - **ഫ്രാൻസ്**
  - ഇന്ത്യയുടെ സ്ഥാനം - **138**

## Demise

- 2026 ജൂലൈയിൽ അന്തരിച്ച ഇംഗ്ലണ്ടിന്റെ മുൻ പരിശീലകനും കളിക്കാരനുമായിരുന്ന ഫുട്ബാൾ താരം

**കെവിൻ കീഗൻ**

## Today's MCQ

1. 2026 ജൂലൈയിൽ ബ്രിട്ടന്റെ പ്രധാനമന്ത്രിയായി നിയമിതനായത്

   (a) ആൻഡി ബേൺഹം　　(b) ഋഷി സുനക്

   (c) ബോറിസ് ജോൺസൺ　　(d) കെയ്ർ സ്റ്റാർമർ

2. 2026 ജൂലൈയിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അധ്യക്ഷനായി നിയമിതനായത്

   (a) ബൽബീർ സിംഗ്　　(b) അമൻ അറോറ

   (c) ഹർജിത് സിങ് ഗ്രെവാൾ　　(d) ചരൺജിത്ത് സിങ് ചന്നി

**Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
23




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 23 JULY 2026

## Appointments

- 2026 ജൂലൈയിൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷനായി നിയമിതനായത്

  **കെ. എം. ചന്ദ്രശേഖർ** (മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറി)

  - അധ്യക്ഷൻ - **കേരള മുഖ്യമന്ത്രി വി. ഡി. സതീശൻ**
  - കെ. എം. ചന്ദ്രശേഖർ മുൻപ് 2011-2016 കാലഘട്ടത്തിൽ ഉമ്മൻചാണ്ടി സർക്കാരിന്റെ സമയത്തും പ്ലാനിംഗ് ബോർഡ് വൈസ് ചെയർപേഴ്സണായി പ്രവർത്തിച്ചിട്ടുണ്ട്.
  - സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിച്ച് ധവളപത്രം തയ്യാറാക്കാൻ രൂപീകരിച്ച പ്രത്യേക സമിതിയുടെ തലവനും കെ. എം. ചന്ദ്രശേഖറായിരുന്നു.

- പുതിയ ബ്രിട്ടിഷ് മന്ത്രിസഭയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) മന്ത്രിയായി നിയമിതനായ ഇന്ത്യൻ വംശജൻ

  **കനിഷ്ക നാരായൺ**

  - യുകെയിലെ ആദ്യത്തെ എ.ഐ. മന്ത്രിയാണ് കനിഷ്ക നാരായൺ
  - ബീഹാറിലെ മുസാഫർപൂരിലാണ് അദ്ദേഹം ജനിച്ചത്
  - യു.കെ. പ്രധാനമന്ത്രി - **ആൻഡി ബേൺഹം**

## Kerala

- പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി സർക്കാർ ആരംഭിക്കുന്ന പലിശരഹിത സംരംഭ വായ്പാപദ്ധതി

  **പ്രിയദർശിനി**

  - സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കാണ് വായ്പ ലഭിക്കുക.
  - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം 2026 ജൂലൈയിൽ നടത്തും
  - സർവീസിൽ നിന്ന് വിരമിച്ചവർക്കായുള്ള **'സീനിയർ സെക്യൂർ'** വായ്പാ പദ്ധതിയും ചടങ്ങിൽ പ്രഖ്യാപിക്കും.
  - പട്ടികജാതി, പട്ടികവർഗപിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി - **കെ.എ. തുളസി**

- പാലാ നഗരസഭയിൽ പ്രതിപക്ഷം കൊണ്ടു വന്ന അവിശ്വാസ പ്രമേയം പാസായതിലൂടെ പുറത്താക്കപ്പെട്ട നഗരസഭാ ചെയർപേഴ്സൺ

  **ദിയ ബിനു പുളിക്കകണ്ടം**

  - 21-ാം വയസ്സിൽ കേരളത്തിലെ പാലാ മുനിസിപ്പാലിറ്റിയുടെ ചുമതല ഏറ്റെടുത്തപ്പോൾ ദിയ ബിനു പുളിക്കക്കണ്ടം ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർപേഴ്സണായി ചരിത്രം സൃഷ്ടിച്ചു
  - പാലാ നഗരസഭ കോട്ടയം ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.

◆ ലഹരിക്ക് അടിമകളായവരെ കണ്ടെത്തി, ശാസ്ത്രീയമായ ചികിത്സയിലൂടെയും പുനരധിവാസത്തിലൂടെയും അവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി ആരംഭിക്കുന്ന പദ്ധതി

**തൂഫാൻ കെയർ**

❖ ഇതിന്റെ ഭാഗമായി ആശുപത്രികളിൽ പ്രത്യേക ഡീഅഡിക്ഷൻ സെന്ററുകളും വാർഡുകളും സജ്ജമാക്കുന്നുണ്ട്.

## National

◆ സമർഡങ് തുരങ്കം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**സിക്കിം**

❖ അടുത്തിടെ ഇവിടെയുള്ള തീസ്ത സ്റ്റേജ് VI ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് നിർമ്മാണപ്രവർത്തനത്തിനിടയിൽ ഉണ്ടായ സ്ഫോടനത്തിൽ നിരവധി പേർ മരണമടഞ്ഞു.

❖ പാറകൾക്കിടയിൽ അടിഞ്ഞുകൂടിയ മീഥെയ്ൻ വാതകം പെട്ടെന്ന് പൊട്ടിത്തെറിച്ചതുമൂലമാണ് സ്ഫോടനം ഉണ്ടായത്

❖ നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപറേഷനാണ് നിർമാണപ്രവർത്തനങ്ങൾ നടത്തുന്നത്

❖ സിക്കിം മുഖ്യമന്ത്രി - **പ്രേം സിങ് തമാങ്**

## International

◆ ഗാസയ്ക്കുള്ളിൽ മൈലുകൾ നീളമുള്ള ഒരു മണൽഭിത്തി നിർമ്മിക്കുന്ന രാജ്യം

**ഇസ്രായേൽ**

❖ ഹമാസുമായുള്ള വെടിനിർത്തൽ കരാർ പ്രകാരം ഇസ്രായേൽ സൈന്യം പിൻവാങ്ങിയ അതിർത്തിയായ മഞ്ഞ രേഖയുടെ ഭാഗത്താണ് ഈ ഭിത്തി നിർമ്മിക്കുന്നത്

❖ ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യം അടുത്തിടെ വാർത്തകളിൽ ഇടം നേടിയത്

## Sports

◆ 2026 ലെ എഫ്.ഐ.എച്ച്. ലോകകപ്പിൽ ഇന്ത്യൻ ഹോക്കി ടീമിനെ നയിക്കുന്നത്

**ഹർമൻപ്രീത് സിംഗ്**

❖ വേദി - **ബെൽജിയം, നെതർലൻഡ്സ്**

## Today's MCQ

1. 2026 ജൂലൈയിൽ ഉക്രൈനിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് ആര്?

   a) Volodymyr Zelenskyy b) Serhii Koretskyi

   c) Denys Shmyhal d) Petro Poroshenko

2. 2026 ജൂലൈയിൽ ഓപ്പൺ AI യുടെ ചീഫ് ടെക്നോളജി ഓഫീസറായി നിയമിതനായത് ആര്?

   a) ഉദയ് രുദ്രരാജു b) സാം ആൾട്ട്മാൻ

   c) ഗ്രെഗ് ബ്രോക്ക്മാൻ d) മീരാ മൂർത്തി

**Ans : 1. (b), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
24



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 24 JULY 2026

## Appointment

- കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) പുനഃസംഘടന പഠിക്കാൻ രൂപീകരിച്ച 5 അംഗ വിദഗ്ധ സമിതിയുടെ അധ്യക്ഷ

  **സുധ പിള്ള**

  - കേരളത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പ്രധാന ധനസഹായ ഏജൻസിയാണ് KIIFB
  - സ്ഥാപിതമായത് **- 11 നവംബർ 1999**
  - Kerala Infrastructure Investment Fund Act, 1999 (Act 4 of 2000) പ്രകാരം രൂപീകൃതമായി

## Kerala

- സംസ്ഥാന എക്സൈസ് വകുപ്പിന് കീഴിൽ 'സംസ്ഥാന നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ' (State NCB) രൂപീകരിക്കാൻ കേരള സർക്കാർ അനുമതി നൽകി.
  - ലഹരിമരുന്ന് കുറ്റകൃത്യങ്ങൾ നേരിടാൻ മാത്രമായാണ് ഇത്തരത്തിൽ സംസ്ഥാന നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ സ്ഥാപിതമാകുന്നത്
  - ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സംവിധാനം വരുന്നത്.
  - പുതിയ ഏജൻസിയുടെ തലവൻ - **സംസ്ഥാന എക്സൈസ് കമ്മീഷണർ**
  - ആസ്ഥാനം - **തിരുവനന്തപുരത്തെ എക്സൈസ് കമ്മീഷണറുടെ ഓഫീസ്**
- വന്യജീവി - മനുഷ്യ സംഘർഷം കുറയ്ക്കാൻ വനത്തിനുള്ളിൽത്തന്നെ വന്യജീവികളുടെ ശാസ്ത്രീയ പുനരധിവാസത്തിന് (ട്രാൻസ്‌ലൊക്കേഷൻ) കേരളം ഒരുങ്ങുന്നു
  - ഒരിടത്ത് അമിതമായി കേന്ദ്രീകരിച്ചിട്ടുള്ള വന്യജീവികളെ അതേ ജീവിവർഗത്തിന്റെ എണ്ണം കുറവുള്ള അനുയോജ്യമായ വനമേഖലകളിലേക്കു മാറ്റുന്ന പദ്ധതിയാണ് ഇത്
  - ആദ്യഘട്ടത്തിൽ വയനാട്ടിൽ നടപ്പിലാകും
  - ഇതിനായി ഇന്ത്യൻ വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ ഉപയോഗിക്കാനുള്ള നിർദ്ദേശം വനം വകുപ്പ് മുന്നോട്ട് വച്ചു.

## National

- 2026 ജൂലൈയിൽ ആന്ധ്രാപ്രദേശിൽ റിപ്പോർട്ട് ചെയ്ത കോവിഡ് വക ഭേദം :

  **ഒമിക്രോൺ ആർഎഫ്.5**

## Defence

- ഇന്ത്യയുടെ തദ്ദേശീയ ജെറ്റ് എഞ്ചിൻ വികസന പദ്ധതി

  **കാവേരി 2.0**

  - യുദ്ധവിമാനങ്ങളിൽ തദ്ദേശീയമായി നിർമ്മിച്ച എഞ്ചിൻ ഉപയോഗിക്കുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്
  - 1986 ൽ ആരംഭിച്ച പദ്ധതിക്ക് 1989 ൽ ഔദ്യോഗിക അംഗീകാരം ലഭിച്ചു എന്നാൽ ആവശ്യമായ ത്രസ്റ്റ് ലഭിച്ചില്ല എന്ന കാരണത്താൽ പദ്ധതി മരവിപ്പിച്ചിരുന്നു

## Space

- എറൻഡിൽ - 1 എന്ന ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങുന്ന കമ്പനി

**റിഫ്ളക്റ്റ് ഓർബിറ്റൽ**

  - രാത്രി സമയത്ത് ഭൂമിയിലെ നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് സൂര്യപ്രകാശം പ്രതിഫലിപ്പിക്കുക എന്നതാണ് ലക്ഷ്യം.
  - ഇതിലൂടെ സോളാർ പാനലുകളുടെ പ്രവർത്തന സമയം കൂട്ടാനും, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ പോലുള്ള അടിയന്തര സാഹചര്യങ്ങളിൽ വെളിച്ചം നൽകാനും സാധിക്കും.
  - ഈ വിക്ഷേപണം നടന്നാൽ ആകാശത്തെ കൃത്രിമ വെളിച്ചം ജ്യോതിശാസ്ത്ര നിരീക്ഷണങ്ങൾക്ക് തടസ്സമാകുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട് പ്രധാന ആശങ്ക.
  - യു.എസ്. ഫെഡറൽ കമ്മ്യൂണിക്കേഷൻസ് കമ്മീഷൻ ഈ ഉപഗ്രഹ പദ്ധതിക്ക് അംഗീകാരം നൽകി.

- 2026 ജൂലൈയിൽ Gravity-1 റോക്കറ്റ് വിക്ഷേപിച്ച സ്വകാര്യ കമ്പനി

**Orienspace**

  - ഒൻപത് ഉപഗ്രഹങ്ങളും ഒരു പരീക്ഷണ ഉപകരണവും ദൗത്യം ഭ്രമണപഥത്തിലെത്തിച്ചു.
  - കിഴക്കൻ ചൈനാക്കടലിൽനിന്ന് വിക്ഷേപിക്കപ്പെടുന്ന ചൈനയുടെ ആദ്യ സ്വകാര്യറോക്കറ്റാണ് Gravity-1
  - ഗ്രാവിറ്റി -1 റോക്കറ്റിന്റെ മൂന്നാം വിക്ഷേപണമാണിത്
  - അമേരിക്കയ്ക്കും റഷ്യക്കും ശേഷം കടൽ അധിഷ്ഠിത റോക്കറ്റ് വിക്ഷേപണ സാങ്കേതിക വിദ്യ കൈവരിച്ച മൂന്നാമത്തെ രാജ്യമാണ് ചൈന.
  - 2019 ജൂണിലാണ് ചൈന ആദ്യമായി കപ്പലിൽനിന്ന് **ലോങ് മാർച്ച് 11** റോക്കറ്റ് വിക്ഷേപിച്ചത്
  - വിക്ഷേപണപാത നിശ്ചയിക്കാനുള്ള സൗകര്യവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽനിന്ന് വിക്ഷേപിക്കുമ്പോഴുണ്ടാകുന്ന അപകടസാധ്യത കുറയ്ക്കാനുമായാണ് കടലിൽനിന്നുള്ള വിക്ഷേപണം തിരഞ്ഞെടുക്കുന്നത്

## Sports

- 2026-ൽ ICC ഹാൾ ഓഫ് ഫെയിമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ

**(1) സൗരവ് ഗാംഗുലി (ഇന്ത്യ)**

  - മുൻ ഇന്ത്യൻ നായകൻ (2003 ICC Cricket World Cup- ൽ ഇന്ത്യയെ ഫൈനലിലെത്തിച്ച ക്യാപ്റ്റൻ)
  - ദാദ എന്ന് അറിയപ്പെടുന്നു.
  - BCCI പ്രസിഡന്റ് ആയിരുന്നു.

**(2) അഞ്ജും ചോപ്ര (ഇന്ത്യ)**

  - ICC Hall of Fame - ൽ ഇടം നേടുന്ന മൂന്നാമത്തെ ഇന്ത്യൻ വനിത (ഡയാന എഡുൽജി, നീതു ഡേവിഡ് എന്നിവരാണ് മറ്റുള്ളവർ)
  - 100 ഏകദിന മത്സരം കളിച്ച ആദ്യ ഇന്ത്യൻ വനിത

**(3) കെവിൻ പീറ്റേഴ്സൺ (ഇംഗ്ലണ്ട്)**

- കേരള ക്രിക്കറ്റ് ലീഗിൽ അനീഷ് പി. രാജൻ കളിക്കുന്ന ടീം

  **കൊച്ചിൻ ബ്ലൂ ടൈഗേഴ്സ്**

  - ഇതോടെ കേരള ക്രിക്കറ്റ് ലീഗിൽ കളിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഭിന്നശേഷി താരമായി അദ്ദേഹം മാറി.
  - 2019-ൽ ഇംഗ്ലണ്ടിൽ നടന്ന ഭിന്നശേഷിക്കാരുടെ T20 ലോകകപ്പിൽ കിരീടം നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു

- 2026-ലെ കോമൺവെൽത്ത് ഗെയിംസിന് വേദിയാകുന്ന നഗരം

  **ഗ്ലാസ്ഗോ (സ്കോട്ട്ലാന്റ്)**

  - സാമ്പത്തിക പ്രതിസന്ധി കാരണം ഓസ്ട്രേലിയയിലെ വിക്ടോറിയ പിന്മാറിയതിനാലാണ് ഗ്ലാസ്ഗോയിൽ നടക്കുന്നത്
  - 2022-ൽ ബിർമിങ്ഹാമിൽ നടന്ന ഗെയിംസിൽ ഇന്ത്യ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്തായിരുന്നു (22 സ്വർണ്ണമുൾപ്പെടെ 61 മെഡലുകൾ)
  - 2026 കോമൺവെൽത്ത് ഗെയിംസിന്റെ ഭാഗ്യചിഹ്നം - **ഫിന്നി** (യൂണികോൺ) (സ്കോട്ലാന്റിന്റെ ദേശീയ മൃഗമായ ഇതൊരു സാങ്കൽപിക ജീവിയാണ്)
  - ബ്രിട്ടന്റെ കോളനിയായിരുന്ന രാജ്യങ്ങൾ പങ്കെടുക്കുന്ന കായികമേള - **കോമൺവെൽത്ത് ഗെയിംസ്**
  - കോമൺവെൽത്ത് ഗെയിംസ് ആരംഭിച്ച വർഷം - **1930**
  - ആദ്യ വേദി - **ഹാമിൽട്ടൻ** (കാനഡ)
  - ആദ്യ പേര് - **ബ്രിട്ടീഷ് എംപയർ ഗെയിംസ്**
  - കോമൺവെൽത്ത് ഗെയിംസ് 1954 മുതൽ ബ്രിട്ടീഷ് എംപയർ ആന്റ് കോമൺ വെൽത്ത് ഗെയിംസ് എന്നറിയപ്പെട്ടു.
  - 1978 മുതലാണ് ഇന്നത്തെ പേര് നിലവിൽ വന്നത്.
  - 2030 വേദി - **അഹമ്മദാബാദ്**

- 8th ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് 2026-ൽ വേദിയാകുന്നത്

  **തെലങ്കാന**

  - 7th (2025) - **ബീഹാർ** (ഭാഗ്യചിഹ്നം - ഗജസിംഹ)
  - 6th (2024) - **തമിഴ്നാട്** (ഭാഗ്യചിഹ്നം - വീരമങ്കൈ)

- ഇന്ത്യയുടെ 98-ാമത് ഗ്രാന്റ്മാസ്റ്റർ

  **അശ്വത്. എസ്**

## Today's MCQ

1. 2026 ജൂലൈയിൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഉപാധ്യക്ഷനായി നിയമിതനായത്

   a) കെ.എം. ചന്ദ്രശേഖർ b) പ്രഭാത് പട്നായിക്

   c) വി.കെ. രാമചന്ദ്രൻ d) സി.വി. പത്മരാജൻ

2. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി സർക്കാർ ആരംഭിക്കുന്ന പലിശരഹിത സംരംഭ വായ്പാപദ്ധതി

   a) ആശ്രയ b) സ്ത്രീശക്തി

   c) പ്രിയദർശിനി d) സീനിയർ സെക്യൂർ

   **Ans : 1. (a), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
25-26




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 25, 26 JULY 2026

## Appointment

- 2026 ജൂലൈയിൽ നീതി ആയോഗിന്റെ പുതിയ CEO ആയി നിയമിതനായത്

  **അനുരാഗ് ജെയിൻ**

  - മധ്യപ്രദേശിന്റെ ചീഫ് സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു.
  - 2026-ൽ കാലാവധി പൂർത്തിയാക്കിയ മുൻ സി.ഇ.ഒ ബി.വി.ആർ. സുബ്രഹ്മണ്യത്തിന് ശേഷം, ഇടക്കാല ചുമതല വഹിച്ചിരുന്ന നിധി ഛിബ്ബറിന് പകരമാണ് അനുരാഗ് ജെയിൻ പദവിയിലെത്തുന്നത്.

- 2026 ജൂലൈയിൽ സാമ്പത്തിക സാമൂഹിക കൗൺസിലിന്റെ (ECOSOC) 82-ാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **അമർ ബെൻഡ്ജാമ**

  - 2026-2027 സെഷനിലേക്കാണ് തിരഞ്ഞെടുക്കപ്പെട്ടത്
  - അൾജീരിയൻ നയതന്ത്രജ്ഞനാണ് അദ്ദേഹം
  - 2023 ഏപ്രിൽ മുതൽ ഐക്യരാഷ്ട്രസഭയിലെ അൾജീരിയയുടെ സ്ഥിരം പ്രതിനിധിയാണ് ബെൻഡ്ജാമ.
  - സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രധാന ഐക്യരാഷ്ട്രസഭാ സ്ഥാപനമാണ് ECOSOC.
  - അംഗരാജ്യങ്ങൾ **- 54**
  - ആസ്ഥാനം **- ന്യൂയോർക്ക് സിറ്റി, യു.എസ്.**
  - ECOSOC - **Economic and Social Council**

- 2026 ജൂലൈയിൽ അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ (FIDE) ഇടക്കാല പ്രസിഡന്റായി നിയമിതനായത്

  **വിശ്വനാഥൻ ആനന്ദ്**

  - നിലവിലെ പ്രസിഡന്റായ റഷ്യയുടെ Arkady Dvorkovich നെ യൂറോപ്യൻ യൂണിയന്റെ ഉപരോധ പട്ടികയിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് അദ്ദേഹം സ്വയം പദവിയിൽ നിന്ന് താൽക്കാലികമായി മാറി
  - അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ ഇടക്കാല പ്രസിഡന്റ് പദവിയിലെത്തുന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് വിശ്വനാഥൻ ആനന്ദ്.
  - അഞ്ച് തവണ ലോക ചെസ്സ് ചാമ്പ്യനായിട്ടുണ്ട്
  - അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ ആസ്ഥാനം - **Lausanne** (സ്വിറ്റ്സർലന്റ്)
  - അന്താരാഷ്ട്ര ചെസ്സ് ദിനം - **ജൂലൈ 20**

- 2026 ജൂലൈയിൽ ഇൻഫോസിസ് സി.ഇ.ഒ. ആയി തിരഞ്ഞെടുക്കപ്പെട്ടത്

  **ആഷിഷ് കുമാർ ഡാഷ്**

  - 2027 ഏപ്രിൽ 1 മുതൽ അദ്ദേഹത്തിന്റെ നിയമനം പ്രാബല്യത്തിൽ വരും
  - 2027- ൽ സലിൽ പരേഖിന് ശേഷം മാനേജിംഗ് ഡയറക്ടറും സി.ഇ.ഒ. യും ആയി ഡാഷ് സ്ഥാനമേൽക്കും.

## Kerala

- അമൃത് ഭാരത് പദ്ധതിയുടെ ഭാഗമായി നവീകരിച്ച പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷന്റെ പ്രവേശന കവാടത്തിൽ തയ്യാറാക്കിയ ചുവർചിത്രങ്ങൾക്ക് അടിസ്ഥാനമായ നോവൽ

  **ഇന്ദുലേഖ**

  - മലയാളത്തിലെ ആദ്യ ലക്ഷണമൊത്ത നോവൽ - **ഇന്ദുലേഖ**
  - ഇന്ദുലേഖയുടെ രചയിതാവ് ഒ. ചന്തുമേനോനും ചുവർചിത്രത്തിൽ ഉൾപ്പെട്ടിട്ടുണ്ട്
  - ഒ. ചന്തുമേനോൻ 1889 - ൽ പരപ്പനങ്ങാടി കോടതിയിൽ മുൻസിഫായി സേവനം അനുഷ്ഠിക്കുന്ന കാലത്താണ് 'ഇന്ദുലേഖ' എന്ന നോവൽ രചിച്ച് പ്രസിദ്ധീകരിച്ചത്.
  - പ്രധാന കഥാപാത്രങ്ങൾ - **ഇന്ദുലേഖ, മാധവൻ, സൂരി നമ്പൂതിരിപ്പാട്, പഞ്ചു മേനോൻ**

- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട അഴിമതിയും ക്രമക്കേടുകളും കണ്ടെത്താൻ വിജിലൻസ് നടത്തിയ പരിശോധന

  **ഓപ്പറേഷൻ പാർപ്പിടം**

  - അഴിമതി വിമുക്ത കേരളം ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'പ്രോജക്ട് സീറോ' പദ്ധതിയുടെ ഭാഗമായാണ് നടപടി.
  - അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെയും അവരുടെ ഏജന്റുമാരുടെയും പ്രാദേശിക ശൃംഖലകൾ സാധാരണ കുടുംബങ്ങളുടെ നിർമ്മാണച്ചെലവ് ഗണ്യമായി വർദ്ധിപ്പിച്ചതായി സംസ്ഥാന വ്യാപകമായ പരിശോധനകൾ ചൂണ്ടിക്കാണിക്കുന്നു.

- സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ സ്ത്രീസൗഹൃദവും സുരക്ഷിതവുമാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ആരംഭിക്കുന്ന പദ്ധതി

  **ഗ്രീൻ മാർഷൽ**

  - കേരളത്തിൽ ടൂറിസം കേന്ദ്രങ്ങളുടെ സംരക്ഷണത്തിനും ശുചിത്വത്തിനും വേണ്ടി സ്ത്രീകളെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒരു ആശയമാണ് 'ഗ്രീൻ മാർഷൽ' പദ്ധതി.
  - വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുക, ശുചിത്വം പാലിക്കുക, വിനോദസഞ്ചാരികളിൽ ഉത്തരവാദിത്തമുള്ള പെരുമാറ്റം പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതി അവബോധം സൃഷ്ടിക്കുക എന്നിവയാണ് ലക്ഷ്യം.
  - 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പുതിയ പദ്ധതിയാണ് ഗ്രീൻ മാർഷൽ.
  - ആദ്യഘട്ടത്തിൽ ഫോർട്ട് കൊച്ചി, മൂന്നാർ, കോവളം, ആലപ്പുഴ എന്നിവിടങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നത്.
  - ടൂറിസം മന്ത്രി - **പി. സി. വിഷ്ണുനാഥ്**

- കെ.എസ്ആർ.ടി.സി.യുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനും പരാതികൾ അറിയിക്കാനുമായിയുള്ള പുതിയ ടോൾ ഫ്രീ നമ്പർ

  **149**

  - യാത്രക്കാരുടെ സംശയങ്ങൾക്കും പരാതികൾക്കും ഇനി അതിവേഗം പരിഹാരം നേടാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ കോൾ സെന്റർ സംവിധാനം കെ.എസ്.ആർ.ടി.സി. ഒരുക്കിയിരിക്കുന്നു.

- കായിക മേഖലയുടെ സമഗ്രമായ നവീകരണത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതി

**ഓപ്പറേഷൻ കളരി (Kerala Alliance for Local Athletic Revamp and Infrastructure)**

  - കായിക മേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലൂടെ അടിസ്ഥാന സൗകര്യ വികസനം, പരിപാലനം, നവീകരണം എന്നിവയാണ് ലക്ഷ്യം
  - കായിക യുവജനകാര്യ മന്ത്രി - **ഒ.ജെ. ജനീഷ്**

## National

- ആഗോളതലത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതീകരിക്കപ്പെട്ട റെയിൽവേ സംവിധാനമുള്ള രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്തുള്ളത്

**ഇന്ത്യ (99.6%)**

  - ഒന്നാമത് - **സ്വിറ്റ്സർലാന്റ്** (100%)
  - ഇന്റർനാഷണൽ യൂണിയൻ ഓഫ് റെയിൽവേ 2025 ജൂണിൽ പ്രസിദ്ധികരിച്ച റിപ്പോർട്ട് പ്രകാരമാണിത്
  - 2026 ജൂലൈയിൽ ലോക്സഭയിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഈ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിച്ചു

- 2026 ലെ അന്താരാഷ്ട്ര ടൈപ്പ് 1 പ്രമേഹ ഉച്ചകോടിയുടെ വേദി

**ജോധ്പൂർ** (രാജസ്ഥാൻ)

- അടുത്തിടെ രാജിവച്ച ഭക്ഷ്യ സംസ്കരണ വ്യവസായ, റെയിൽവേ സഹമന്ത്രി

**രവ്നീത് സിങ് ബിട്ടു**

  - രാജസ്ഥാനിൽ നിന്നുള്ള രാജ്യസഭാംഗമായിരുന്നു.
  - രാജ്യസഭാ എംപി എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കാലാവധി ജൂണിൽ അവസാനിച്ചിരുന്നു.

## International

- ബംഗ്ലാദേശ് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ രാജിവച്ചു.
  - പാർലമെന്റ് സ്പീക്കർ ഹാഫിസ് ഉദ്ദീൻ അഹമ്മദ് ആക്ടിംഗ് പ്രസിഡന്റായി
  - ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് രാജി

## Sports

- ജപ്പാൻ ജെ വൺ ലീഗ് മാതൃകയിൽ അടുത്ത സീസൺ മുതൽ പുതിയ പോയിന്റ് സംവിധാനവും ടൈബ്രേക്കർ രീതിയും നടപ്പിലാക്കുന്ന പുരുഷ പ്രൊഫഷണൽ ഫ്രാഞ്ചൈസി ഫുട്ബോൾ ലീഗ്

**സൂപ്പർ ലീഗ് കേരള**

  - മത്സരങ്ങൾ സമനിലയിലായാൽ പെനാൽറ്റി ഷൂട്ടൗട്ടിലൂടെ വിജയികളെ കണ്ടെത്തുകയും, നിശ്ചിത സമയത്ത് ജയിക്കുന്ന ടീമിന് 3 പോയിന്റും, ടൈബ്രേക്കറിൽ ജയിക്കുന്നവർക്ക് 2 പോയിന്റും തോൽക്കുന്നവർക്ക് 1 പോയിന്റും നൽകുകയും ചെയ്യുന്ന സംവിധാനമാണിത്.

- 2026 ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിലെ ആദ്യ സ്വർണ്ണ മെഡൽ നേടിയത്

**മാർക്ക് സ്വാൻ (ഇംഗ്ലണ്ട് )**

  - പുരുഷന്മാരുടെ ലൈറ്റ്വെയ്റ്റ് പാരാ പവർലിഫ്റ്റിങ്ങിലാണ് ഈ നേട്ടം

- അടുത്തിടെ അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച അർജന്റീന താരം

**നിക്കോളാസ് ഓട്ടമെൻഡി**

  - 2021, 2024 കോപ്പ അമേരിക്ക മത്സരത്തിലും 2022 ഫിഫ ലോകകപ്പിലും രാജ്യത്തിനുവേണ്ടി പങ്കെടുത്തു.

- അന്താരാഷ്ട്ര T20 യിൽ അർദ്ധസെഞ്ചറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

**വൈഭവ് സൂര്യവംശി**

  - 2026 ജൂലൈയിൽ നടന്ന മത്സരത്തിൽ സിംബാബ്‌വേയ്ക്കെതിരെ 18 പന്തിൽ നിന്ന് അർദ്ധ സെഞ്ചറി നേടി

## Today's MCQ

1. ഇന്ത്യയിൽ ആദ്യമായി സംസ്ഥാനതലത്തിൽ 'സംസ്ഥാന നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ' (State NCB) രൂപീകരിക്കാൻ അനുമതി നൽകിയ സംസ്ഥാനം ഏതാണ്?

   a) തമിഴ്നാട് b) കേരളം

   c) കർണാടക d) മഹാരാഷ്ട്ര

2. രാത്രിയിൽ ഭൂമിയിലെ നിർദ്ദിഷ്ട പ്രദേശങ്ങളിലേക്ക് സൂര്യപ്രകാശം പ്രതിഫലിപ്പിക്കാൻ ലക്ഷ്യമിടുന്ന 'എറൻഡിൽ - 1' ഉപഗ്രഹം വിക്ഷേപിക്കാൻ ഒരുങ്ങുന്ന കമ്പനി ഏതാണ്?

   a) Orienspace b) SpaceX

   c) Reflect Orbital d) Rocket Lab

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
27-28



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 27, 28 JULY 2026

## APPOINTMENT

- പുതിയ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി

  **Pralhad Joshi**

  - നിലവിൽ ഭക്ഷ്യ പൊതുവിതരണം, ഉപഭോക്തൃകാര്യം, New and Renewable Energy എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുകയായിരുന്നു
  - മുൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവച്ചതിന് തുടർന്നാണ് നിയമനം

- രാജ്യത്തെ മത്സരപരീക്ഷകളുടെ ഘടനയും നടത്തിപ്പും പരിഷ്കരിക്കാൻ നിയോഗിച്ച ആറംഗ ഉന്നതതല കർമ്മസേനയുടെ തലവൻ

  **നന്ദൻ നിലേകനി** ( ഇൻഫോസിസ് സഹ സ്ഥാപകൻ)

  - ആധാർ സംവിധാനത്തിന്റെ മുഖ്യ ശില്പിയും ഇദ്ദേഹമാണ്
  - മലയാളിയും മുൻ ISRO ചെയർമാനുമായ എസ്. സോമനാഥ് ,ഇന്റലിജൻസ് ബ്യൂറോ മുൻ ഡയറക്ടർ തപൻ കുമാർ ദേഖ തുടങ്ങിയവരും സമിതിയിൽ അംഗമാണ്

## BOOK AND AUTHOR

- ചലച്ചിത്ര നടൻ ഇന്ദ്രൻസിന്റെ ആത്മകഥ

  **ഇന്ദ്രധനുസ്**

## KERALA

- അടുത്തിടെ ഭിന്നശേഷിക്കാർക്കായി എം സഹജീവനം എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിച്ചത്

  **മലപ്പുറം**

  - ഭിന്നശേഷിക്കാർക്കായുള്ള കേരളത്തിലെ ആദ്യത്തെ സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്

- കേരളത്തിലെ ആദ്യത്തെ സഹകരണ വിമാനക്കമ്പനി രൂപീകരിക്കുന്നു
  - കേരള സിവിൽ ഏവിയേഷൻ ഡെവലപ്മെന്റ് സഹകരണസംഘം ലിമിറ്റഡ് എന്നാണ് കമ്പനിയുടെ പേര്
  - കോ എയർ എന്ന പേരിൽ ഏപ്രിലോടെ സർവീസ് തുടങ്ങാനാണ് പദ്ധതി.

- സ്ത്രീകൾക്ക് മാത്രമുള്ള 'പിങ്ക് ബസ്' സർവീസ് ആരംഭിച്ചു സംസ്ഥാന സർക്കാർ ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലാണ് പദ്ധതി

- പൊന്നാനി കപ്പൽ നിർമാണ കേന്ദ്രം ഓഗസ്റ്റ് മാസത്തിൽ പ്രവർത്തനസജ്ജമാകും
  - ആദ്യ യാനം 2027-ൽ പുറത്തിറങ്ങും
  - കൊച്ചി ഷിപ്പ്യാർഡിന് ശേഷം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ കേരളത്തിൽ ഉയരുന്ന രണ്ടാമത്തെ വലിയ കപ്പൽ നിർമാണ കേന്ദ്രമാണിത്.

- കുട്ടികൾക്ക് എളുപ്പത്തിൽ സംസ്കൃതം പഠിക്കുന്നതിനായി ഫുട്ബോൾ പദങ്ങളെ കോർത്തിണക്കി കേരളത്തിൽ നിന്നുള്ള സംസ്കൃതം അധ്യാപകനായ അഭിലാഷ് തയ്യാറാക്കിയ 'അക്ഷരകന്ദുകം' എന്ന പുസ്തകത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'മൻ കി ബാത്' പരിപാടിയിൽ പ്രശംസ ലഭിച്ചു

**NATIONAL**

- 2026 ൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടിയ ഇന്ത്യയിൽ നിന്നുള്ള പുരാതന ബുദ്ധമത കേന്ദ്രം

  **സാർനാഥ്**

  - ഇന്ത്യയിൽ നിന്നും യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഇടം നേടുന്ന 45-ാമത്തെ പൈതൃക സ്ഥാനമായി സാർനാഥ് മാറി
  - ഉത്തർപ്രദേശിലെ വാരാണസി ജില്ലയിൽ സ്ഥിതി ചെയ്യുന്നു
  - ദക്ഷിണ കൊറിയയിലെ ബുസാനിൽ നടന്ന UNESCO ലോക പൈതൃക സമിതിയുടെ 48-ാമത് സെഷനിലാണ് അംഗീകാരം
  - ഗൗതമബുദ്ധൻ ജ്ഞാനോദയത്തിന് ശേഷം തന്റെ ആദ്യത്തെ പ്രഭാഷണം (ധർമ്മചക്രപ്രവർത്തനം) നടത്തിയ പുണ്യഭൂമിയാണ് സാർനാഥ്
  - ഇന്ത്യയുടെ ദേശീയ ചിഹ്നമായ സിംഹമുദ്രയും ദേശീയ പതാകയുടെ മധ്യത്തിലുള്ള അശോകചക്രവും സാരനാഥിലെ അശോകസ്തംഭത്തിൽ നിന്നാണ് സ്വീകരിച്ചിട്ടുള്ളത്
  - 44-ാമത് UNESCO ലോകപൈതൃക കേന്ദ്രം - **മറാഠ മിലിട്ടറി ലാൻഡ്സ്കേപ്സ്** (12 കോട്ടകൾ ഉൾപ്പെടുന്നു. തമിഴ്നാട്ടിലെ ജിഞ്ചി കോട്ടയും മഹാരാഷ്ട്രയിലെ മറ്റ് 11 കോട്ടകളും)

- ഇന്ത്യയിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത പക്ഷി സങ്കേതം

  **ഭാണ്ഡൂപ് ബേർഡ് പാർക്ക്**

  - മഹാരാഷ്ട്രയിലെ താനെ ക്രീക്ക് ഫ്ളെമിംഗോ സങ്കേതത്തിലാണ് ഇത് നിലവിൽ വരുന്നത്
  - ഇന്ത്യയിലെ ആദ്യത്തെ ഫ്ളെമിംഗോ സങ്കേതമാണ് താനെ ക്രീക്ക് ഫ്ളെമിംഗോ സങ്കേതം
  - 2022- ൽ ഇത് റംസാർ സൈറ്റ് ആയി പ്രഖ്യാപിച്ചു
  - ഇന്ത്യയിലെ ഒരു നഗരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ആദ്യത്തെ റംസാർ സൈറ്റാണിത്

- അടുത്തിടെ DeepDATA മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയത്

  **സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്** (CMFRI)

  - കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ 'ഡീപ്പ് ഓഷ്യൻ മിഷൻ' പദ്ധതിയുടെ ഭാഗമായി ആഴക്കടൽ മത്സ്യങ്ങളുടെ വിവരങ്ങൾ ശാസ്ത്രീയമായി രേഖപ്പെടുത്തുന്നതിനും പഠിക്കുന്നതിനുമായാണ് CMFRI ഈ ആപ്ലിക്കേഷൻ പുറത്തിറക്കിയത്.
  - മത്സ്യത്തൊഴിലാളികൾക്കും ഗവേഷകർക്കും തങ്ങൾക്ക് ലഭിക്കുന്ന അപൂർവ്വ മത്സ്യങ്ങളുടെ ഫോട്ടോകളും വിവരങ്ങളും നേരിട്ട് ഈ ആപ്പിൽ അപ്ലോഡ് ചെയ്യാൻ കഴിയും.

- കോക്രോച്ച് ജനതാ പാർട്ടിയുടെ (CJP) സ്ഥാപകൻ

  **അഭിജീത് ദീപ്കെ**

- 2026- ൽ രൂപീകരിച്ച യുവജനങ്ങളുടെ ആക്ഷേപഹാസ്യ പ്രതിഷേധ പ്രസ്ഥാനമാണ് കോക്രോച്ച് ജനതാ പാർട്ടി
- 2026 നീറ്റ് (NEET-UG) പരീക്ഷയിലെ അപാകതകൾക്കും ചോദ്യപ്പേപ്പർ ചോർച്ചയ്ക്കുമെതിരെ രാജ്യവ്യാപകമായി വിദ്യാർത്ഥികളെ അണിനിരത്തി പ്രതിഷേധിച്ചു.
- കാലാവസ്ഥാ/സാമൂഹിക പ്രവർത്തകനായ സോനം വാങ്ചുക് സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു

- തമിഴ്നാട്ടിലെ ആദ്യത്തെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ള ഗ്രാമമായി അടുത്തിടെ അംഗീകരിക്കപ്പെട്ട ഗ്രാമം

  **കില്ലായി** (കടലൂർ ജില്ല)

## INTERNATIONAL

- 15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധിക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തുന്ന യൂറോപ്യൻ യൂണിയനിലെ ആദ്യ രാജ്യം

  **ഫ്രാൻസ്**

## SPORTS

- കോമൺവെൽത്ത് ഗെയിംസിന്റെ ചരിത്രത്തിൽ ആദ്യമായി ബ്രെയിൽ ലിപി മെഡലുകളിൽ ഉൾപ്പെടുത്തി
  - 2026 ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിലെ മെഡലുകളിലാണ് ഉൾപ്പെടുത്തിയത് ഇതിനു പുറമെ വൃത്താകൃതിയിലുള്ള മെഡലുകൾക്ക് പകരം Reuleaux triangle മെഡലുകളാണ് ഇത്തവണ നൽകുന്നത്
- 2026 കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി ആദ്യ മെഡൽ നേടിയത്

  **Jhandu Kumar**(പാരാ-പവർ ലിഫ്റ്റിങ്ങിൽ വെങ്കലം നേടി )
- 2026 കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി ആദ്യ സ്വർണ്ണ മെഡൽ നേടിയത്

  **മീരാഭായ് ചാനു** (വനിതാ വിഭാഗം 48 kg വെയ്റ്റ്ലിഫ്റ്റിംഗ് )
  - തുടർച്ചയായി 3 തവണ കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടി ( 2018, 2022 കോമൺവെൽത്ത് ഗെയിംസുകളിൽ സ്വർണം നേടിയിരുന്നു)
  - 2026 കോമൺവെൽത്ത് ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ മീരാഭായ് ചാനുവും ലോവ്ലിന ബോർഗോഹെയ്നും പതാകയും ബാറ്റണും വഹിച്ചു
- 2026 ലോക ജൂനിയർ സ്ക്വാഷ് ചാമ്പ്യൻഷിപ്പ് വനിതാ സിംഗിൾസ് കിരീടം നേടിയത്

  **അനഹാത് സിങ്**
  - ലോക ജൂനിയർ സ്ക്വാഷ് ചാമ്പ്യനാകുന്ന ആദ്യ ഇന്ത്യൻ താരം
  - വേദി - **കാനഡ**
- ഇന്ത്യയുടെ 99-ാമത് ഗ്രാൻഡ്മാസ്റ്റർ

  **വി.എസ് രത്തൻവേൽ**

**Today's MCQ**

1. 2026 ജൂലൈയിൽ നീതി ആയോഗിന്റെ പുതിയ സി ഇ ഒ ആയി നിയമിതനായത്

   a) അശോക് കുമാർ ലഹിരി

   b) തപൻ കുമാർ പാണ്ഡെ

   c) അനുരാഗ് ജെയിൻ

   d) ബി.വി.ആർ സുബ്രഹ്മണ്യം

2. അമൃത് ഭാരത് പദ്ധതിയുടെ ഭാഗമായി നവീകരിച്ച പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷന്റെ പ്രവേശന കവാടത്തിൽ തയ്യാറാക്കിയ ചുവർചിത്രങ്ങൾക്ക് അടിസ്ഥാനപരമായ നേവൽ

   a) ഇന്ദുലേഖ  b) കുന്ദലത

   c) മാർത്താണ്ഡവർമ്മ  d) ബാല്യകാലസഖി

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
29




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 29 JULY 2026

## Book and Author

- "Intellectual Property Rights: Musings of an Amateur Enthusiast" എന്ന പുസ്തകം രചിച്ചത്

  **രാജു നാരായണ സ്വാമി**

  - രാജു നാരായണ സ്വാമിയുടെ 37-ാമത്തെ പുസ്തകമാണിത്.
  - സാഹിത്യ അക്കാദമി അവാർഡ് നേടിയ യാത്രാവിവരണം 'ശാന്തിമന്ത്രം മുഴങ്ങുന്ന താഴ്വരയിൽ', ബാലസാഹിത്യത്തിനുള്ള സംസ്ഥാന പുരസ്കാരം നേടിയ 'നീലക്കുറിഞ്ഞി: ഒരു വ്യാഴവട്ടത്തിലെ വസന്തം എന്നീ പുസ്തകങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ രചനകളാണ്.

## Awards

- പ്രഥമ സതീഷ് ബാബു പയ്യന്നൂർ സ്മാരക പുരസ്കാരം ജേതാവ്

  **സി.വി. ബാലകൃഷ്ണൻ**

  - സാഹിത്യ രംഗത്തെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം
  - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം
- നൂറുൽ ഇസ്ലാം സർവകലാശാലയും നിംസ് മെഡിസിറ്റിയും സംയുക്തമായി ഏർപ്പെടുത്തിയ എട്ടാമത് എ.പി.ജെ. പുരസ്കാര ജേതാവ്

  **ഡോ. സൗമ്യ സ്വാമിനാഥൻ**

  - ലോകാരോഗ്യ സംഘടനയുടെ ചീഫ് സയന്റിസ്റ്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്
  - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം
- 40-ാമത് അബുദാബി ശക്തി പുരസ്കാരത്തിൽ ടി.കെ. രാമകൃഷ്ണൻ പുരസ്കാരം നേടിയത്

  **നിലമ്പൂർ ആയിഷ**

  - അബുദാബി ശക്തി തീയേറ്റേഴ്സാണ് പുരസ്കാരം ഏർപ്പെടുത്തിയത്

## National

- സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ച കുട്ടികളെ സ്കൂളുകളിൽ തിരികെ എത്തിക്കുന്നതിനായി 'Samras Vidya Setu' ക്യാംപയിൻ ആരംഭിച്ച സംസ്ഥാനം

  **ഗുജറാത്ത്**

  - സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ച 80000 കുട്ടികളെ തിരികെ പഠനപാതയിൽ എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം
  - ഗുജറാത്ത് മുഖ്യമന്ത്രി - **ഭൂപേന്ദ്ര പട്ടേൽ**

## International

- 2026 ജൂലൈയിൽ ഫ്രാൻസിൽ പിഴ ചുമത്തപ്പെട്ട ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനി

  **ഇൻഫോസിസ്**

  - ജോലി സമയം രേഖപ്പെടുത്തുന്ന സംവിധാനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടി തൊഴിൽ അതോറിറ്റിയാണ് പിഴ ചുമത്തിയത്

- 2026 ജൂലൈയിൽ കാട്ടുതീ മൂലം അടിയന്തരാവസ്ഥ പ്രഖ്യാപിച്ച യൂറോപ്യൻ രാജ്യം

  **സ്പെയിൻ**

  - സ്പെയിനിനെ കൂടാതെ ഫ്രാൻസിലും കാട്ടുതീ രൂക്ഷമായ നാശം വിതച്ചു

- 2026 ജൂലൈയിൽ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽനിന്ന് പിന്മാറിയ രാജ്യം

  **വെനസ്വേല**

  - അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ ആസ്ഥാനം - **ഹേഗ്**

**Sports**

- 2026 ISSF വേൾഡ് കപ്പിൽ ഇന്ത്യയ്ക്കായി സ്വർണ്ണം നേടിയത്

  **ഇഷാ സിംഗ്**

  - 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിലാണ് ഇഷ ഇന്ത്യയ്ക്കായി സ്വർണം നേടിയത്
  - ഇതേ വിഭാഗത്തിൽ മനു ഭാക്കർ വെങ്കലവും നേടി
  - വേദി - **Hangzhou, ചൈന**

- 2026 ഫിഫ ലോകകപ്പിലെ മികച്ച ഗോളായി സിഡ്നി ലോപ്പസ് കബ്രാൾ നേടിയ ഗോൾ തിരഞ്ഞെടുത്തു.

  - അർജന്റീനക്കെതിരെയായിരിന്നു കേപ് വെർദെയുടെ താരമായ കബ്രാൾ ഗോൾ നേടിയത്
  - ടൂർണമെന്റിൽ ആകെ പിറന്ന 308 ഗോളുകളിൽ നിന്ന് പൊതുജനങ്ങൾ പങ്കെടുത്ത വോട്ടെടുപ്പിലൂടെയാണ് മികച്ച ഗോൾ തിരഞ്ഞെടുത്തത്.

- കോമൺവെൽത്ത് ഗെയിംസ് പാരാ അത്‌ലറ്റിക്സിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരം

  **ഷർമിള ധൻകർ**

  - വനിതകളുടെ ഷോട്ട്പുട്ട് എഫ് 57 വിഭാഗത്തിൽ 9.81 മീറ്റർ ദൂരം എറിഞ്ഞാണ് ഷർമിള ധൻകർ സ്വർണ്ണം നേടിയത്

- 2026 ചെസ്സ് ഒളിമ്പ്യാഡിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടിയ മലയാളി

  **നിഹാൽ സരിൻ**

  - വേദി - **ഉസ്ബെക്കിസ്ഥാൻ**
  - ഇരു വിഭാഗങ്ങളിലും നിലവിലെ ചാമ്പ്യൻ ഇന്ത്യയാണ്

- 2026 ജൂലൈയിൽ വിരമിക്കൽ പ്രഖ്യാപിച്ച റഫറി

  **Slavko Vincic**

  - 2026 ലെ ലോകകപ്പ് ഫൈനൽ നിയന്ത്രിച്ചത് ഇദ്ദേഹമായിരുന്നു

**Demise**

- 2026 ജൂലൈയിൽ അന്തരിച്ച പ്രശസ്ത ജാപ്പാനീസ് എഴുത്തുകാരൻ

  **കിഗോ ഹിഗാഷിനോ**

  - 100 ലധികം പുസ്തകങ്ങൾ രചിച്ചു

- ‘ദി ഡിവോഷൻ ഓഫ് സസ്പെക്ട് എക്സ്’ (The Devotion of Suspect X), ‘മാലിസ്’ (Malice) തുടങ്ങിയ വിഖ്യാത കൃതികളുടെ രചയിതാവാണ്.
- പുതിയ നോവലായ “Eternal Memory” അടുത്ത മാസം പ്രസിദ്ധീകരിക്കാനിരിക്കെയാണ് ഹിഗാഷിനോയുടെ മരണം

**Today’s MCQ**

1. ചലച്ചിത്ര നടൻ ഇന്ദ്രൻസിന്റെ ആത്മകഥയുടെ പേര് ഏതാണ്?

   a) ജീവിതരേഖ   b) ഇന്ദ്രധനുസ്

   c) അഭിനയപഥം   d) ഓർമ്മച്ചിത്രങ്ങൾ

2. ഭിന്നശേഷിക്കാർക്കായി ‘എം സഹജീവനം’ എന്ന കേരളത്തിലെ ആദ്യ സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോം ആരംഭിച്ച ജില്ല ഏതാണ്?

   a) എറണാകുളം   b) കോഴിക്കോട്

   c) മലപ്പുറം   d) തിരുവനന്തപുരം

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY
30



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 30 JULY 2026

## Kerala

- സിദ്ധാർഥൻ ആന്റി റാഗിംഗ് ആൻഡ് സ്റ്റുഡന്റ് വെൽഫെയർ ആക്ടിന്റെ കരട് തയ്യാറാക്കുന്ന സമിതിയുടെ അധ്യക്ഷൻ

  **അച്യുത് ശങ്കർ എസ്. നായർ** (കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർപേഴ്സൺ)

  - സമിതി രൂപീകരിച്ചത് - **കേരള ആഭ്യന്തര വകുപ്പ്**
  - സിദ്ധാർഥൻ സ്റ്റുഡന്റ് ഡിസ്ട്രസ് ആപ്പ് രൂപീകരിക്കും
  - 2026 - ൽ വി.ഡി. സതീശൻ അവതരിപ്പിച്ച പുതുക്കിയ കേരള ബഡ്ജറ്റിൽ ഇതിനെ കുറിച്ച് പരാമർശിച്ചിരുന്നു

## National

- 2026-ൽ പുറത്തുവിട്ട നീതി ആയോഗിന്റെ ആദ്യ Investment Friendliness Index - ൽ വലിയ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം

  **ഗുജറാത്ത്**

  - രണ്ടാമത് - **മഹാരാഷ്ട്ര**
  - മൂന്നാമത് - **തമിഴ്നാട്**
  - കേരളം - **12**
  - മലയോര & വടക്ക് - കിഴക്കൻ സംസ്ഥാനങ്ങളിൽ ഒന്നാമത് - **ഉത്തരാഖണ്ഡ്**
  - സിറ്റി സ്റ്റേറ്റ്സ് & കേന്ദ്ര ഭരണ പ്രദേശങ്ങളിൽ ഒന്നാമത് - **ഗോവ**
- എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പേരിനൊപ്പം മഹാത്മാഗാന്ധി എന്ന് ചേർക്കാൻ നടപടി ആരംഭിച്ച ദക്ഷിണേന്ത്യൻ സംസ്ഥാനം

  **കർണാടക**
- ഉപഭോക്താക്കൾക്ക് Swiggy Instamart വഴി LPG സിലിണ്ടർ വീട്ടുപടിക്കൽ എത്തിക്കാൻ പദ്ധതിയിടുന്ന ഇന്ത്യയിലെ ആദ്യത്തെ പൊതുമേഖല കമ്പനി

  **ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (HPCL)**

## International

- 2026 ജൂലൈയിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായ രാജ്യം

  **ജപ്പാൻ**

  - ഭൂകമ്പത്തിനെ തുടർന്ന് സുനാമി മുന്നറിയിപ്പും ജപ്പാനിൽ നിലനിൽക്കുന്നു
- അടുത്തിടെ കിമി K3 എന്ന ഏറ്റവും പുതിയ AI മോഡൽ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പ്

  **Moonshot AI**

  - ചൈനീസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ടപ്പാണ് **Moonshot AI**

- 2026 ജൂലൈയിൽ നൗൾ ചുഴലിക്കാറ്റ് വീശിയ രാജ്യം

  **ചൈന**

  - കാറ്റിന് പേര് നൽകിയത് - **ഉത്തര കൊറിയ**
- 2026 ജൂലൈയിൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ ഗ്രീസിലെ പർവ്വതം

  **മൗണ്ട് ഒളിമ്പസ്**

  - ബുസാനിൽ നടന്ന യുനെസ്കോ ലോക പൈതൃക സമിതിയുടെ 48-ാമത് സെഷനിലാണ് ഉൾപെടുത്തിയത്
  - ഗ്രീക്ക് പുരാണത്തിൽ സ്യൂസ് (Zeus) ഉൾപ്പെടെയുള്ള ഒളിമ്പ്യൻ ദേവന്മാരുടെ വാസസ്ഥലമായി മൗണ്ട് ഒളിമ്പസ് അറിയപ്പെടുന്നു.
  - ഗ്രീസിലെ ഏറ്റവും ഉയരം കൂടിയ പർവതം കൂടിയാണ് ഇത്
  - 2026 ജൂലൈയിൽ 25 പ്രദേശങ്ങളാണ് പൈതൃക പട്ടികയിൽ ഉൾപ്പെട്ടത്

**<u>Space</u>**

- ഗ്രഹങ്ങളുടെ വലയ കണികകളെക്കുറിച്ച് നേരിട്ടുള്ള പഠനത്തിനായി PRAXIS ദൗത്യം വിക്ഷേപിക്കാനൊരുങ്ങുന്ന ബഹിരാകാശ ഏജൻസി

  **നാസ**

  - PRAXIS - **Planetary Rings Autonomous EXploration with In-situ Sampling**
  - ശനിയുടെ വളയങ്ങളിൽ നിന്ന് ആദ്യമായി നേരിട്ട് കണികകൾ ശേഖരിക്കുക,ശേഖരിച്ച കണികകളെ അതേ സ്ഥലത്ത് തന്നെ വിശകലനം നടത്തുക എന്നതാണ് ലക്ഷ്യം
  - ശനി മാത്രമല്ല യുറാനസ്, നെപ്ട്യൂൺ പോലുള്ള ഗ്രഹങ്ങളുടെ വളയങ്ങളെ കുറിച്ചും പഠിക്കുന്നു

**<u>Sports</u>**

- കോമൺവെൽത്ത് ഗെയിംസിൽ പുരുഷന്മാരുടെ 10000 മീറ്ററിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം

  **ഗുൽവീർ സിങ്** (2026 കോമൺവെൽത്ത് ഗെയിംസിൽ വെള്ളി നേടി)

**<u>Demise</u>**

- 2026 ജൂലൈയിൽ അന്തരിച്ച ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ചെയർമാൻ

  **രമേശൻ പാലേരി**

  - 1995 മുതൽ ULCCS ചെയർമാനായി പ്രവർത്തിച്ചു വരികയായിരുന്നു.

**<u>Today's MCQ</u>**

1. സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളുകളിലെത്തിക്കാൻ 'Samras Vidya Setu' ക്യാമ്പയിൻ ആരംഭിച്ച സംസ്ഥാനം ഏത്?

   a) കേരളം　　b) തമിഴ്നാട്

   c) മഹാരാഷ്ട്ര　　d) ഗുജറാത്ത്

2. 2026 ജൂലൈയിൽ കാട്ടുതീ മൂലം അടിയന്തരാവസ്ഥ പ്രഖ്യാപിച്ച യൂറോപ്യൻ രാജ്യം ?

   a) സ്പെയിൻ　　b) ഇറ്റലി

   c) ജർമ്മനി　　d) പോർച്ചുഗൽ

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JULY 31




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 31 JULY 2026

## Book And Author

- മുൻ ഡി.ജി.പി ബി. സന്ധ്യ രചിച്ച ഏറ്റവും പുതിയ അന്വേഷണാത്മക നോവൽ

  **ദേവികുളം നിഗൂഢതകളുടെ ആകാശദ്വീപ്**

## Kerala

- മുല്ലപെരിയാർ ഡാം വിദഗ്ദ്ധ സമിതിയിലേക്ക് കേരളം നോമിനേറ്റ് ചെയ്ത വ്യക്തി

  **Ashutosh Dash**

  - കേരളത്തിന്റെ ഏക പ്രതിനിധിയായിരുന്ന കേന്ദ്ര ജല കമ്മിഷന്റെ മുൻ ചീഫ് എൻജിനിയർ ടി.കെ. ശിവരാജനെ സംസ്ഥാനത്തെ മുൻകൂട്ടി അറിയിക്കാതെ സമിതിയിൽനിന്ന് ഒഴിവാക്കി പകരം ഉത്തർ പ്രദേശിൽ നിന്നുള്ള വിദഗ്ധനെ ഉൾപ്പെടുത്തിയത് പ്രതിഷേധത്തിനിടയാക്കിയിരുന്നു.

- അഴിമതി തടയുന്നതിനായി സംസ്ഥാന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നടപ്പാക്കുന്ന പദ്ധതി

  **പ്രോജക്ട് സീറോ-വിജിലൻസ് വിസിൽ**

  - അഴിമതിക്കെതിരായ പോരാട്ടത്തിൽ യുവജനങ്ങളുടെയും പൊതുജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ 'വിജിലൻസ് കമാൻഡോ' ക്യാമ്പയിനും ആരംഭിച്ചു.
  - ആദ്യ വിജിലൻസ് വിസിൽ കമാൻഡോയായി നടൻ നിവിൻ പോളിയെ പ്രഖ്യാപിച്ചു

- സംസ്ഥാനത്തെ വൃദ്ധസദനങ്ങൾക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പുതിയ പേര്

  **സ്നേഹാലയം**

## National

- പരീക്ഷണ അടിസ്ഥാനത്തിൽ പോളിമർ കറൻസി നോട്ടുകൾ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകി

  - 10, 20 മൂല്യമുള്ള നോട്ടുകളാണ് പരീക്ഷണ അടിസ്ഥാനത്തിൽ അച്ചടിക്കുന്നത്
  - 1988 ൽ ഓസ്ട്രേലിയയിൽ ആണ് ആദ്യമായി പോളിമർ നോട്ടുകൾ അവതരിപ്പിച്ചത്

- ദേശീയ ഗീതമായ 'വന്ദേമാതര'ത്തെ അവഹേളിക്കുന്നത് കുറ്റകരമാകാനുള്ള ഭേദഗതി ബിൽ രാജ്യസഭ പാസാക്കി

  - ദേശീയ ഗീതത്തെ അവഹേളിച്ചാൽ 3 വർഷം വരെ തടവ് തടവ് ലഭിക്കുന്ന വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
  - ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് ബിൽ അവതരിപ്പിച്ചത്.
  - ബങ്കിം ചന്ദ്ര ചാറ്റർജി രചിച്ച 'വന്ദേമാതരം' ആദ്യമായി 1875 നവംബർ 7 ന് ബംഗദർശൻ എന്ന സാഹിത്യ ജേണലിൽ പ്രസിദ്ധീകരിച്ചു. പിന്നീട്, ബങ്കിം ചന്ദ്ര ചാറ്റർജി 1882 ൽ പ്രസിദ്ധീകരിച്ച തന്റെ അനശ്വര നോവലായ 'ആനന്ദമഠം' എന്ന കൃതിയിൽ ഈ ഗാനം ഉൾപ്പെടുത്തി.

- 2026 ജൂലൈയിൽ കൊച്ചിൻ ഷിപ്പ്‌യാർഡ് നിർമിച്ച് കമ്മീഷൻ ചെയ്ത യുദ്ധക്കപ്പൽ

  **മച്ചിലിപട്ടണം**

  - ആന്ധ്രാപ്രദേശിലെ കൃഷ്ണാ ജില്ലയിലെ പ്രസിദ്ധമായ തുറമുഖ നഗരമാണ് മച്ചിലിപട്ടണം
  - 78 മീറ്റർ നീളവും 900 ടൺ ഭാരവുമുണ്ട്
  - വേഗത മണിക്കൂറിൽ 25 നോട്ടിക്കൽ മൈൽ
  - സഞ്ചാരശേഷി 1,800 നോട്ടിക്കൽ മൈൽ

**International**

- 2026 ജൂലൈയിൽ റഷ്യ പിടികിട്ടാപുള്ളിയായി പ്രഖ്യാപിച്ച അന്താരാഷ്ട്ര വാണ്ടഡ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ വ്യക്തി

  **പാവേൽ ദുറോവ്**

  - നിലവിലെ ടെലിഗ്രാം സി.ഇ.ഒ ആണ് പാവേൽ ദുറോവ്

**Science and Technology**

- 180 വർഷത്തിനു ശേഷം അസം സർവകലാശാലയിലെ ഗവേഷകർ വീണ്ടും കണ്ടെത്തിയ സസ്യം

  **Rungia mastersii**

  - ജതിംഗ കുന്നുകളിൽ നിന്നാണ് കണ്ടെത്തിയിരിക്കുന്നത്
  - ജീവശാസ്ത്രജ്ഞനായ ജെ.ഡബ്ല്യൂ മാസ്റ്റേഴ്സാണ് 1845 - ൽ ഈ സസ്യം ആദ്യമായി കണ്ടെത്തിയത്
- 2026 ജൂലൈയിൽ ഇന്ത്യയിൽ നിന്നും ശ്രീലങ്കയിൽ നിന്നും കണ്ടെത്തിയ പുതിയ ജംപിംഗ് സ്പൈഡർ ഇനങ്ങൾ

  **Onomastus brahmagiri, Onomastus silentvalley,**
  **Onomastus wijesinghei**
- റീഫ്യൂവലിങ്ങിനായി എവിടെയും നിർത്താതെ തുടർച്ചയായി 24 മണിക്കൂറിലധികം പറന്ന് റെക്കോർഡ് ഇട്ട വിമാനം

  **എയർബസ് A350-1000ULR**

  - ഓസ്ട്രേലിയയിലെ മെൽബണിൽ നിന്ന് പുറപ്പെട്ട വിമാനം 24 മണിക്കൂറും 24 മിനിറ്റും കൊണ്ട് 23,076 കിലോമീറ്റർ ദൂരം പിന്നിട്ട് ഫ്രാൻസിലെ ടൂളൂസിൽ സുരക്ഷിതമായി ലാൻഡ് ചെയ്തു.
  - ഓസ്ട്രേലിയൻ വിമാന കമ്പനിയായ ക്വാന്റാസിന്റെയും (Qantas) സാങ്കേതിക വിദഗ്ധരും ടെസ്റ്റ് ടീമും മാത്രമാണ് ഈ പരീക്ഷണ പറക്കലിൽ പങ്കെടുത്തത്.

**Sports**

- കോമൺവെൽത്ത് ഗെയിംസ് ലോങ്ജംപിൽ തുടർച്ചയായ രണ്ടാം തവണയും വെള്ളിമെഡൽ സ്വന്തമാക്കിയ മലയാളി താരം

  **എം. ശ്രീശങ്കർ**

  - കോമൺവെൽത്ത് ഗെയിംസ് ലോങ്ജംപിൽ രണ്ട് മെഡൽ നേടിയ ആദ്യ ഇന്ത്യൻ താരം
  - രണ്ടാം ശ്രമത്തിൽ പിന്നിട്ട 8.09 മീറ്ററാണ് മെഡൽ നേട്ടത്തിലേക്ക് നയിച്ചത്.
  - 8.15 മീറ്റർ ചാടിയ ജമൈക്കയുടെ തജയ് ഗെയ്ൽ സ്വർണം നേടി.

- 2026 ജൂലൈയിൽ ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിച്ച ഇന്ത്യൻ ക്രിക്കറ്റ് താരം

  **അജിങ്ക്യ രഹാനെ**

  - ഇന്ത്യയ്ക്കായി 85 ടെസ്റ്റുകളും, 90 ഏകദിനങ്ങളും, 20 T20 മത്സരങ്ങളും കളിച്ചിട്ടുണ്ട്

**Today's MCQ**

1. 2026 ജൂലൈയിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തെ തുടർന്ന് സുനാമി മുന്നറിയിപ്പ് നൽകിയ രാജ്യം ഏത്?

   a) ഇന്തോനേഷ്യ b) ജപ്പാൻ

   c) ഫിലിപ്പീൻസ് d) ചിലി

2. അടുത്തിടെ Kimi K3 എന്ന ഏറ്റവും പുതിയ AI മോഡൽ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പ് ഏത്?

   a) DeepSeek AI b) Baidu AI

   c) Moonshot AI d) SenseTime

**Ans : 1. (b), 2. (c)**

TALENT PSC Academy a Veranda Enterprise